നം.കെഎസ്എകെഡിഎം.പി 12/1757 /2019 തിയതി: 27.12.2019

# കോട്ടയം ജില്ലയിലെ പുതുപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).**

കോട്ടയം ജില്ലയിലെ പുതുപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1-02-2019 മുതൽ 31-10-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും

കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | **ശ്രീ. സാബു.സി.ജോർജ്ജ്, ഡെപ്യൂട്ടി ഡയറക്ടർ** | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 07.11.2019 മുതൽ 18.11.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി മായ ആർ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ലേഖ.വി | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.രാജേഷ്.എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.കൊച്ചുമോൾ എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

**നിർവഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.നിബു ജോൺ | 01.04.18 മുതൽ 31.03.19 വരെ |
| സെക്രട്ടറി | ശ്രീ.വിനു മാത്യൂസ് (ചാർജ്ജ്) | 01.04.18 മുതൽ 19.04.18വരെ<br>21.05.18 മുതൽ 27.06.18വരെ |
| | ശ്രീ.സുഗതൻ റ്റി.എം | 20.04.18 മുതൽ 20.05.18 വരെ |
| | ശ്രീ.ജോസുകുഞ്ഞ്.പി.ജെ | 28.06.18 മുതൽ 11.11.18 വരെ |
| | ശ്രീ.എൻ.പി.ജയചന്ദ്രൻ | 12.11.18 മുതൽ 31.03.19വരെ |

**മറ്റ് നിർവഹണോദ്യോഗസ്ഥർ**

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി ഫസ്‌ലീന എ. | 01.04.18 മുതൽ 31.03.19 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.വിനു മാത്യൂസ് | 01.04.18 മുതൽ 31.03.19 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി ആൻസി തോമസ് | 01.04.18 മുതൽ 31.03.19 വരെ |
| വെറ്ററിനറി സർജൻ | ഡോ.ജോബി ജോർജ്ജ് | 01.04.18 മുതൽ 15.06.18വരെ |
| | ഡോ.റോസാ.സി.എം.ചാക്കോ | 16.06.18 മുതൽ 31.03.19 വരെ |
| വി.ഇ.ഒ | ശ്രീമതി ബിജിമോൾ അൻസാരി | 01.04.18 മുതൽ 31.03.19 വരെ |
| | ശ്രീമതി ലൈസ എസ്. എൽ. | 01.04.18 മുതൽ 24.06.18 വരെ<br>11.08.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.ആതിര കെ.നായർ | 01.04.18 മുതൽ 31.03.19 വരെ |

| | | |
|---|---|---|
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി റഷീദ വി.പി. | 01.04.18 മുതൽ 31.03.19വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.നടരാജസുന്ദരം | 01.04.18 മുതൽ 31.03.19 വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീമതി ഷേർളി അലക്സ് | 01.04.18 മുതൽ 22.09.18വരെ |
| | ശ്രീ.മനോഹരൻ.കെ | 23.09.18 മുതൽ14.11.18വരെ |
| | ശ്രീമതി.രേവതികുട്ടി.കെ.ആർ | 27.11.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ.നാൻസമ്മ തമ്പി | 01.04.17 മുതൽ 01.08.17 വരെ |
| | ഡോ.ലൗലി ഫിലിപ്പ് | 01.04.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.ചന്ദ്രശേഖരൻ.റ്റി.കെ | 01.04.18 മുതൽ 31.03.19 വരെ |

**(ഡി) ഉള്ളടക്കം**

| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| **ഭാഗം 1 ഓഡിറ്റ് റിപ്പോർട്ട്** | |
| | |

| | |
|---|---|
| 1-1 | ബജറ്റ് |
| 1-2 | ഫണ്ട് വിനിയോഗം |
| 1-3 | പദ്ധതി അവലോകനം |
| 1-4 | ആഭ്യന്തരനിയന്ത്രണ സംവിധാനം |
| 1-5 | ക്യാഷ് വെരിഫിക്കേഷൻ |
| 1-6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-7 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയും വിശകലനവും |
| 1-8 | രസീത് ബുക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ |
| 1-9 | പ്രത്യേക ആവശ്യത്തിനായി ലഭിച്ച തുകകൾ ചെലവഴിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നു |
| 1-10 | വസ്തുനികുതി നിർണ്ണയത്തിൽ കുറവ് |
| 1-11 | വസ്തുനികുതി പരിഷ്കരണം – ഭേദഗതിനിരക്കുകൾ വിജ്ഞാപനം ചെയ്തിട്ടില്ല |
| 1-12 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കണക്കാക്കിയതിൽ അപാകത |
| 1-13 | വസ്തുനികുതി- ഡാറ്റാപ്യൂരിഫിക്കേഷൻ – പൂർത്തീകരിക്കുവാൻ നിരവധി കെട്ടിടങ്ങൾ |
| 1-14 | സ്ഥാപനതൊഴിൽ നികുതി അടച്ചിട്ടില്ല |

| | |
|---|---|
| 1-15 | മണ്ണ് ലേലം നടപടിക്രമങ്ങൾ പാലിച്ചില്ല |
| 1-16 | വാടകകുടിശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി – പഞ്ചായത്ത് തുടർ നടപടികൾ സ്വീകരിച്ചില്ല |
| 1-17 | "ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ" ചട്ടങ്ങൾ പ്രകാരം ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു |
| 1-18 | ഇ-ടെൻഡർ ഫീസുകൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടില്ല |
| 1-19 | എറികാട് ഗവ യു പി സ്കൂൾ സ്മാർട്ട് ക്ലാസ് റൂം നിർമ്മാണം – മാതൃകാപരം |
| 1-20 | നാഷണൽ റർബൻ മിഷൻ- പുതുപ്പള്ളി മണർകാട് ക്ലസ്റ്റർ – പുതുപ്പള്ളി പഞ്ചായത്തിൽ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം |
| 1-21 | ജനപ്രതിനിധികളുടെ യാത്രാബത്ത – അർഹമായ കാലാവധിക്ക് ശേഷം മാറി നൽകി |
| 1-22 | ക്ഷമതയുള്ള അധികാര സ്ഥാനത്തുനിന്നും സാങ്കേതിക അനുമതി വാങ്ങാതെ കെട്ടിട നിർമ്മാണം |
| 1-23 | ആറാട്ടുചിറ കുടിവെള്ള പദ്ധതി – ഫണ്ട് ലഭ്യത ഉറപ്പുവരുത്തിയിട്ടില്ല |
| 1-24 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ആവശ്യാധിഷ്ഠിതമല്ലാതെ അക്കൗണ്ട് ആരംഭിച്ചു |
| | |

| | |
|---|---|
| 1-25 | നിരപ്പാക്കിയ പ്രതലത്തിൽ ഫില്ലിംഗിന് തുക ചെലവഴിച്ചത് അംഗീകരിക്കുന്നില്ല |
| 1-26 | ബാലസഭ- മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം തുക ചെലവഴിച്ചു |
| 1-27 | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വാട്ടർടാങ്ക് നൽകൽ- നടപടിക്രമങ്ങളിൽ അപാകത |
| 1-28 | ആശ്രയവിഹിതം – 3ാം ഘട്ട പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല- പ്ലാൻഫണ്ട് തുക പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നു |
| 1-29 | പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വാങ്ങൽ- അപാകതകൾ |
| 1-30 | ഭവനം വാസയോഗ്യമാക്കൽ (പട്ടികജാതി) മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താവ് പണി പൂർത്തിയാക്കിയിട്ടില്ല |
| 1-31 | അക്ഷയോർജ്ജ ഉപകരണങ്ങളുടെ വിതരണം – സൗരറാന്തൽ- നടപടിക്രമങ്ങളിൽ ഗുരുതര പിഴവ് |
| 1-32 | ന്യായമല്ലാത്ത കാരണങ്ങൾ നിരത്തി കുറവുതുക രേഖപ്പെടുത്തിയ കരാറുകാരനെ ഒഴിവാക്കി |
| 1-33 | യുക്തിസഹമല്ലാത്തതും കൂടിയതുമായ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിന് കരാർ നൽകി |
| 1-34 | ഫുട്ബോൾ കോച്ചിംഗ്- അപാകതകൾ |
| | |

| | |
|---|---|
| 1-35 | പോസ്റ്റ് ഷിഫ്റ്റിംഗിനായി കെ എസ്ഇബി യിൽ നിക്ഷേപിച്ച തുകയുടെ വിനിയോഗവിവരമില്ല |
| 1-36 | വിവിധ സ്ഥലങ്ങളിൽ കുഴൽകിണർ നിർമ്മാണം – വിനിയോഗവിവരം ലഭിച്ചിട്ടില്ല |
| 1-37 | പി എച്ച് സിയിലേക്ക് മരുന്ന വാങ്ങൽ- മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല |
| **ഭാഗം 2 വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | വസ്തുനികുതി നിർണ്ണയത്തിൽ കുറവ് |
| **ഭാഗം 3 ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വാട്ടർടാങ്ക് നൽകൽ – അധികം തുക ചെലവഴിച്ചു |
| 3-2 | പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങൽ- ടെൻഡർ നടപടിക്രമങ്ങളിലെ അപാകതമൂലം അധികം തുക ചെലവഴിച്ചു |
| 3-3 | അക്ഷയോർജ്ജ ഉപകരണങ്ങളുടെ വിതരണം- സൗരറാന്തൽ – സബ്സിഡിയിലധികരിച്ച് നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ് |
| **ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4-1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| | |

| | |
|---|---|
| 4-2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 4-5 | വായ്പ/വായ്പ തിരിച്ചടവ് |
| 4-6 | സ്ഥിരനിക്ഷേപം |
| 4-7 | ഓഡിറ്റ് റിക്കവറി |
| 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം1 | ഓഡിറ്റ് സാക്ഷ്യപത്രം 2018-19 |
| അനുബന്ധം2 | ബാലൻസ് ഷീറ്റ് - 31.03.2019 തീയതിയിൽ |
| അനുബന്ധം3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2018-19 |
| അനുബന്ധം4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2018-19 |

# ഭാഗം -I
# ഓഡിറ്റ് റിപ്പോർട്ട്

## I-I ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 24.03.2018 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 10016134 | 13157362 |
| വരവ് | 268577851 | 107263974 |
| ആകെ | 278593985 | 120421336 |
| ചെലവ് | 276569590 | 107409612 |
| നീക്കിയിരിപ്പ് | 2024395 | 13011724 |

ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന വരവുചെലവ് കണക്കുകളും യഥാർത്ഥ കണക്കുകളും തമ്മിൽ വലിയ അന്തരം ഉള്ളതായി മേൽ പട്ടിക വ്യക്തമാക്കുന്നു. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 224 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ്

കമ്മിറ്റിയും ജനറൽ കമ്മിറ്റിയും ഈ വിഷയത്തിൽ മതിയായ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-2 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/സഞ്ചിത നിധിയിലേക്ക് തിരികെ എടുക്കപ്പെട്ട തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 18902179 | 18902179 | 14682708 | 4219471 | 77.6 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 3813448 | 3813448 | 3275833 | 537615 | 85.9 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | - | 776910 | 776910 | 514245 | 262665 | 66.19 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | 5078593 | 5078593 | 3705316 | 2036753 | 72.95 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | - | 4777538 | 4777538 | 2808977 | 1968561 | 58.79 |
| | | [illegible] | [illegible] | [illegible] | [illegible] | [illegible] |

| | | | | | | | |
|---|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | - | 8978816 | 8978816 | 6942063 | 1373277 | 77.3 |
| സ്പെഷ്യൽ ഫണ്ട് കുളം നവീകരണം | | 134828 | - | 134828 | - | 134828 | |
| ഗുണഭോക്തൃവിഹിതം | | 174180 | 336685 | 510865 | 345165 | 165700 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ- ഐ.സി.ഡി.എസ്. | | 681877 | 642407 | 1324284 | 400000 | 924284 | |
| സെൻട്രൽ ഷെയർ റർബൻ | | 2466238 | 35161726 | 37627964 | 28517685 | 9110279 | |
| എം.പി ഫണ്ട് | | 11794 | - | 11794 | - | 11794 | |
| നിർമൽ പുരസ്കാരം | | 250000 | - | 250000 | - | 250000 | |
| ശുചിത്വമിഷൻ ഗ്രാന്റ് | | 689250 | 1563448 | 2252698 | - | 2252698 | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 252500 | 1701725 | 1954225 | 1051794 | 902431 | |
| | ജില്ലാ പഞ്ചായത്ത് | 0 | 1769016 | 469016 | 0 | 1300000 | |
| തനത് ഫണ്ട് | | 18348797 | -- | 25877204 | | തനത് ഫണ്ട് വരവ് / ചെലവ് തുകകൾ | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | റസീപ്റ്റ് ആൻഡ് പേയ്മെന്റ് സ്റ്റേറ്റ്മെന്റിലെ വിവിധ ഷെഡ്യൂളുകളുടെ അടിസ്ഥാനത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തനത് ഫണ്ട് അക്കൗണ്ടുകളിൽ തനത് ഫണ്ട് എന്ന് വിവക്ഷിക്കാൻ കഴിയാത്ത തുകകളും ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ തനത് ഫണ്ടിന്റെ മാത്രമായ നീക്കിയിരിപ്പ് അക്കൗണ്ടുകളുടെ നിർണ്ണയിക്കാൻ സാധിച്ചിട്ടില്ല. | |
| പൊതു ആവശ്യ ഗ്രാന്റ് | | 11829777 | | 14682708 | | | |

**ബി) <u>ക്ഷേമപദ്ധതികൾ</u>**

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 66480 | 35 |
| കർഷകതൊഴിലാളി പെൻഷൻ | 4810500 | 417 |
| വിധവാപെൻഷൻ | 11373200 | 891 |
| വാർദ്ധക്യകാലപെൻഷൻ | 29289000 | 2385 |
| വികലാംഗപെൻഷൻ | 3516600 | 273 |
| അവിവാഹിത പെൻഷൻ | 547300 | 46 |

**സി) <u>തൊഴിലുറപ്പ് പദ്ധതി</u>**

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 14424373 | 14424373 | 14424373 | 0 |
| കാഷ് | 139449 | 855468 | 994917 | 940660.5 | 54256.5 |

| ആകെ | 139449 | 15279841 | 15419290 | 15365033.5 | 54256.5 |
|---|---|---|---|---|---|

## 1-3 പദ്ധതി അവലോകനം

2018-19 വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ തുടക്കമായി വർക്കിംഗ് ഗ്രൂപ്പുകൾ പുന:സംഘടിപ്പിച്ച് 15.01.2018 തീയതിയിൽ യോഗം ചേർന്നു. പദ്ധതിരൂപീകരണ ഗ്രാമസഭകൾ 24-2-2018 മുതൽ 01-03-2018 വരെയുള്ള ദിവസങ്ങളിൽ ചേർന്ന് കരട് പദ്ധതിനിർദ്ദേശങ്ങൾ ചർച്ച ചെയ്തു. വികസനസെമിനാർ നടന്നത് 07/03/2018ലാണ്. വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഗ്രാമസഭകൾ 22.4.2018 മുതൽ 05.05.2018 വരെ തീയതികളിലും ഊരുകൂട്ടം 2.5.2018 ലും യോഗം ചേർന്ന് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തു. 29-01-2019 ലെ 2(8)നമ്പർ തീരുമാന പ്രകാരം ഭരണസമിതി വാർഷിക പദ്ധതി അംഗീകരിച്ചു. വാർഷികപദ്ധതിക്ക് ജില്ലാ ആസൂത്രണസമിതിയുടെ അന്തിമ അംഗീകാരം 15-02-2019 ലെ 490/DPC/ DPO/KTM ഉത്തരവ് പ്രകാരം ലഭിച്ചു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 235 | 143936896 | 188 | 53355867 | - | 45 | 80 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം (സുലേഖ ചെലവ് പത്രിക പ്രകാരം) ചുവടെ ചേർക്കുന്നു.

| ക്രമ | നിർവ്വഹണ | ആകെ | നടപ്പിലാക്കിയ | പ്രോജക്ടുകളുടെ | പ്രോജക്ടു | ചെലവ് |
|---|---|---|---|---|---|---|

| നം. | ഉദ്യോഗസ്ഥൻ | പ്രോജക്ടുകൾ | പ്രോജക്ടുകൾ | വകയിരുത്തൽ | കളുടെ ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫിസർ | 5 | 5 | 2653830 | 1149333 | 43 |
| 2 | വെറ്ററിനറി സർജൻ | 11 | 11 | 6411060 | 2962258 | 46 |
| 3 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 2 | 2 | 750000 | 750000 | 100 |
| 4 | മെഡിക്കൽ ഓഫീസർ, ആയുർവേദം | 1 | 1 | 400000 | 400000 | 100 |
| 5 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 50000 | 50000 | 100 |
| 5 | വി.ഇ.ഒ | 7 | 5 | 14487809 | 8486376 | 59 |
| | വി.ഇ.ഒ | 2 | 2 | 2000000 | 1798314 | 90 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 4 | 3650800 | 3250645 | 89 |
| 7 | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 1 | 1 | 1000000 | 500000 | 50 |
| 8 | സെക്രട്ടറി | 32 | 21 | 32534896 | 5538620 | 17 |
| 9 | അസിസ്റ്റന്റ് | 145 | 116 | 72752532 | 22963243 | 32 |

| | | | | | | |
|---|---|---|---|---|---|---|
| | എൻജിനീയർ | | | | | |
| 10 | ഹെഡ്മാസ്റ്റർ | 7 | 7 | 1287000 | 984988 | 77 |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | 16 | 12 | 5958969 | 4522090 | 76 |
| **ആകെ** | | **235** | **188** | **143936896** | **53355867** | **37** |

**<u>വിനിയോഗലക്ഷ്യം കൈവരിച്ചില്ല- 1.03 കോടി രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു.</u>**

2018-19 കാലയളവിലെ സർക്കാർഫണ്ടുകളുടെ വിനിയോഗത്തിൽ തികഞ്ഞ അലംഭാവം പുലർത്തിയതായി കാണുന്നു. വികസനഫണ്ട് ചെലവഴിച്ചത് 77% മാത്രമാണ്. കൂടാതെ റോഡിതര സംരക്ഷണഗ്രാന്റ് വിനിയോഗം 59% മാത്രമാണ്. വിവിധ സംയുക്ത പ്രോജക്ടുകൾക്കായി ജില്ലാ പഞ്ചായത്ത്/മറ്റ് പഞ്ചായത്തുകളിൽ നിന്നും ലഭിച്ച തുകകളുടെ 35% തുക പോലും തൻവർഷം ചെലവഴിക്കാനായില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ അവലോകനയോഗങ്ങൾ പ്രതിമാസം ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തിയിരുന്നില്ല. തൻമൂലം പല നിർവ്വഹണ ഉദ്യോഗസ്ഥർക്കും പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിച്ചില്ല. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തയ്യാറാക്കിയ 145പ്രോജക്ടുകളിൽ 116 എണ്ണം മാത്രമാണ് (ചെലവ് ശതമാനം 32%) തൻവർഷം നടപ്പാക്കാൻ സാധിച്ചത് എന്നത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ പദ്ധതിപുരോഗതി നിരീക്ഷിക്കുകയും വേണ്ടനിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നില്ല എന്ന് വ്യക്തമാക്കുന്നു. വിനിയോഗത്തിൽ വന്ന ജാഗ്രതക്കുറവ് മൂലം തൻവർഷം ലാപ്സായി പോയ സർക്കാർ ഗ്രാന്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ലാപ്സായ തുക |
|---|---|
| | |

| | |
|---|---|
| വികസനഫണ്ട് -പൊതുവിഭാഗം | 42,19,471/- |
| എസ് സിപി | 5,37,615 |
| ടി എസ് പി | 2,62,665/- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 20,36,753/- |
| റോഡിതര മെയിന്റനൻസ് ഗ്രാന്റ് | 19,68,561/- |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 13,73,277/- |
| **ആകെ ലാപ്സായ തുക** | **1,03,98,342/-** |

1.03 കോടിയിലധികം രൂപ ഗ്രാമപഞ്ചായത്തിന്റെ ജാഗ്രതക്കുറവ് മൂലം തൻവർഷം ചെലവഴിക്കാനാവാതെ പാഴായി എന്നത് ഗ്രാമപഞ്ചായത്ത് ഗൗരവത്തോടെ വിലയിരുത്തേണ്ടതും ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഭരണസമിതികളും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ലായെന്ന് കാണുന്നു. ഇതിലുൾപ്പെട്ട സ്പിൽ ഓവർ പ്രോജക്ടുകൾക്കുള്ള ക്യാരി ഓവർ വിഹിതം തുടർന്ന് സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല. **ആയതിനാൽ 1.03 കോടി രൂപാ ഗ്രാമപഞ്ചായത്തിന് ആത്യന്തികമായി നഷ്ടമായി. ഗ്രാമപഞ്ചായത്തിന്റെ പരിമിതമായ തനത് ഫണ്ട്/ ഇതരവിഹിതങ്ങൾ വിനിയോഗിച്ച് ഏറ്റെടുക്കാൻ കഴിയാത്ത വിധത്തിലുള്ള വിപുലമായ പ്രോജക്ടുകൾക്കായി നാഷണൽ റർബൻ മിഷനിലൂടെ 14 കോടി രൂപയുടെ പ്രത്യേക ധനസഹായം അനുവദിക്കപ്പെട്ട സാഹചര്യത്തിൽ സാധാരണഗതിയിൽ ലഭ്യമാവുന്ന ഫണ്ടിനത്തിൽ 1.03 കോടി രൂപ നഷ്ടപ്പെടുത്തിയത് ഒഴിവാക്കപ്പെടേണ്ടതായിരുന്നു. നാഷനൽ റർബൻ മിഷനിലൂടെ ലഭ്യമായ പ്രത്യേക ധനസഹായം വിനിയോഗിച്ച് വിപുലമായ പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുള്ള സാഹചര്യത്തിൽ വാർഷിക പദ്ധതി നിർവഹണം ഇതുമായി കാര്യക്ഷമമായി സംയോജിപ്പിക്കാനുള്ള നടപടികളും**

സ്വീകരിക്കേണ്ടതാണ്.

**<u>സുലേഖ ചെലവ് പത്രികയിൽ തനത് ഫണ്ടിൽ നിന്നുള്ള പ്രോജക്ട് ചെലവുകൾ ഉൾപ്പെട്ടിട്ടില്ല-ചെലവ് ശതമാനം കുറവായി പ്രതിഫലിക്കുന്നു</u>**

സുലേഖ സോഫ്റ്റ്‌വെയറിൽ പദ്ധതിച്ചെലവുകൾ രേഖപ്പെടുത്തുമ്പോൾ തനത് ഫണ്ടിൽ നിന്നു ചെലവഴിച്ച പല തുകകളും രേഖപ്പെടുത്തുന്നില്ല. ഉദാഹരണമായി പ്രോജക്ട് നം.151/19 എറികാട് യുപി സ്കൂൾ സ്മാർട്ട് ക്ലാസ് റൂം എന്ന പ്രോജക്ടിനായി റർബൻ മിഷൻ ക്രിട്ടിക്കൽ ഗ്യാപ് ഫണ്ട് വിഹിതം ലഭിച്ചതിൽ 2018-19 വർഷം 2815000/-രൂപ ചെലവഴിച്ചിരുന്നു. കൂടാതെ പ്രോ. നം 243/19 സ്ട്രീറ്റ് ലൈറ്റ് എൽഇഡി & ലൈൻ നീട്ടൽ എന്ന പ്രോജക്റ്റിനായി റർബൻ മിഷൻ ക്രിട്ടിക്കൽ ഗ്യാപ് ഫണ്ട് വിഹിതമായി 78,51,328/- രൂപ ചെലവഴിച്ചിരുന്നു. എന്നാൽ സുലേഖയിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രസ്തുത പ്രോജക്ടുകൾക്ക് തൻവർഷം തുക ചെലവ് രേഖപ്പെടുത്തിയിരുന്നില്ല. തൻമൂലം സുലേഖ ചെലവ് പത്രിക പ്രകാരം സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്റ്റുകളുടെ ചെലവ് 17% മാത്രമായ സ്ഥിതിവിശേഷമാണ്. കേന്ദ്രഫണ്ട്/തനത് ഫണ്ട് ചെലവ് വിവരങ്ങൾ വെബ് സുലേഖയിൽ ചേർത്ത് സാംഖ്യാ സോഫ്റ്റ്‌വെയറുമായി ഇന്റഗ്രേഷൻ നടത്തിയതിൽ വന്ന പിഴവാണ് ഇത്തരത്തിലുള്ള ഒരു സാഹചര്യം സംജാതമാക്കിയത്. ഈ രീതിയിൽ നിരവധി പ്രോജക്ടുകളുടെ ചെലവ് തുകകൾ സുലേഖപത്രികയിൽ ഉൾപ്പെടാതിരുന്നത് മൂലം ഗ്രാമ പഞ്ചായത്തിന്റെ ആകെ ചെലവ് ശതമാനത്തിൽ (37%മാത്രം) കുറവായി പ്രതിഫലിക്കുന്ന സ്ഥിതിയാണ് നിലവിലുള്ളത്. ഗ്രാമപഞ്ചായത്തിന്റെ യഥാർത്ഥചെലവുതുക ചെലവ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

പദ്ധതി പ്രവർത്തനങ്ങളിൽ ഗ്രാമസഭകൾ നിർണ്ണായകപങ്ക് വഹിക്കുന്നില്ലായെന്ന് കാണുന്നു. ഗ്രാമസഭ മൂന്ന് മാസത്തിലൊരിക്കൽ കൂടണമെന്ന നിയമപ്രകാരമുള്ള നിബന്ധന

പാലിക്കപ്പെടുന്നില്ല. വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിന് വിവിധ നിർവ്വഹണഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്റ്റുകൾക്ക് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് ഗ്രാമസഭയെ ആശ്രയിച്ചിരുന്നില്ല. ഉദാഹരണമായി അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്റ്റുകളായ വാട്ടർ ടാങ്ക് വിതരണം, ലാപ് ടോപ് വിതരണം, സൗരറാന്തൽ വിതരണം എന്നിവയ്ക്ക് ഗ്രാമസഭയിൽ അംഗീകരിച്ച ഗുണഭോക്താക്കൾക്കായിരുന്നില്ല ആനുകൂല്യങ്ങൾ വിതരണം ചെയ്തത്. ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ശാരീരികമാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് എന്ന പ്രോജക്ടിനായി പഞ്ചായത്ത് കമ്മറ്റി തീരുമാനപ്രകാരം 18 അധിക ഗുണഭോക്താക്കളെ ഉൾപ്പെടുത്തുകയും സ്കോളർഷിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ ഗുണഭോക്താക്കളെ ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയിട്ടില്ല. കൂടാതെ അധിക ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയപ്പോൾ ഫണ്ട് കുറവു വരുകയും വകയിരുത്തിയതിൽ നിന്നും വ്യത്യസ്തമായി തുക വീതിച്ച് നൽകുകയും ചെയ്ത സാഹചര്യമുണ്ടായിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പുകൾ പുനഃസംഘടിപ്പിച്ചിരുന്നുവെങ്കിലും പലതും നിർജ്ജീവമാണെന്ന് കാണുന്നു. പല വർക്കിംഗ് ഗ്രൂപ്പുകളും യോഗം ചേർന്നിരുന്നുവെങ്കിലും പദ്ധതി നിർദ്ദേശങ്ങളൊന്നും നൽകിയിരുന്നില്ല. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇവയും ഫലപ്രദമായി നിർവ്വഹിക്കുന്നതായി കാണുന്നില്ല. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-4 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനം നിയന്ത്രിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലെ നിർദ്ദേശങ്ങൾക്കനുസൃതമായി എല്ലാ ചെലവുകളും നിയമപ്രകാരമാണെന്ന് സെക്ഷൻ ക്ലാർക്ക് പരിശോധിച്ച് ഉറപ്പുവരുത്തുകയും ആയത് അക്കൗണ്ടന്റ് ഉപരിപരിശോധന നടത്തുന്നുമുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. വസ്തു നികുതിയുടെ പിരിവ് പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി/ പഞ്ചായത്ത് കമ്മറ്റി കൃത്യമായി നിരീക്ഷിച്ച് വരുന്നു.

കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3(3) പ്രകാരം ഗ്രാമസഭ 3 മാസത്തിൽ ഒരിക്കൽ യോഗം ചേരണമെന്ന നിബന്ധന പാലിക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഏപ്രിൽ 2018 ന് ശേഷം അടുത്ത ഗ്രാമസഭായോഗം ചേരുന്നത് നവംബർ 2018 നാണ്. ഇത് നിയമവിരുദ്ധമാണ്. കൂടാതെ കേരളപഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വയ്ക്കണമെന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല. 11-ാം വാർഡ് ഗ്രാമസഭാ മിനിറ്റ്സ്ബുക്ക് പരിശോധിച്ചതിൽ 19-01-2019 ന് ശേഷമുള്ള മിനിറ്റ്സ് എഴുതി പൂർത്തിയാക്കിയിരുന്നില്ല. ഗ്രാമസഭാസംഘാടനം നിയമപ്രകാരമുള്ള ഇടവേളകളിൽ നടത്തേണ്ടതും മിനിറ്റ്സ്ബുക്ക്പരിപാലനം കാര്യക്ഷമമാക്കേണ്ടതുമാണ്.

## 1-5 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07/11/2019 3.30 പി.എം ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 26446/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 6/3/2019 | 28/2/2019 | PA-2/19Dt.11/ 12/2018(11/18) |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | തീർപ്പായ റിപ്പോർട്ട് | 2009-10 മുതൽ 2013-14 വരെ | LBA(HQ)II/8A-2192/248Dt18/09/2014 |

## 1-7 വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയും വിശകലനവും

ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 02.05.2019 ലെ 2(1) -ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2018-19 ലെ വാർഷികധനകാര്യപത്രികയുടെ ഭാഗമായി റസീപ്റ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 13157362/- രൂപയും തൻവർഷ വരവ്

107263974/- രൂപയും തൻവർഷ ചെലവ് 107409612/- രൂപയും വർഷാവസാന നീക്കിയിരിപ്പ് 13011724/- രൂപയും ആകുന്നു. തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം 151409513/- രൂപയും ആകെ ചെലവ് 141084737/- രൂപയും ആകുന്നു. മുൻകാല അക്കൗണ്ടിംഗ് ക്രമീകരണത്തിലൂടെ വരുമാനത്തിൽ നിന്നും കുറവ് ചെയ്ത 2184029/- രൂപ കിഴിച്ച് തൻവർഷത്തെ പ്രവർത്തന ലാഭം 8140747/- രൂപയായി കണക്കാക്കിയിട്ടുണ്ട്. 31.03.2019 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തി മൂല്യം 95085944/- രൂപയും ജനറൽ ഫണ്ട് ഒഴികെയുള്ള ബാദ്ധ്യത 35229204.50/- രൂപയും അന്നേദിവസത്തെ ജനറൽ ഫണ്ട് പൊസിഷൻ 59856739.50/- രൂപയും ആകുന്നു. മേൽ വിവരിച്ച പ്രകാരമുള്ള ധനകാര്യപത്രികകൾ പരിശോധിച്ചതിൽ ഓഡിറ്റ് വേളയിലും നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1. 26/07/2011-ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം ആസ്തികളുടെ വർഗ്ഗീകരണവും അക്കൗണ്ടിങ്ങും പൂർത്തിയായിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
2. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം (Land) കണക്കാക്കി അക്കൗണ്ട് ചെയ്തിട്ടില്ല.
3. വസ്തുനികുതി വിവിധ ശീർഷകങ്ങളിലുള്ള കളക്ഷൻ, നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കുകൾ പ്രകാരമുള്ളത് സഞ്ചയ ഡി.സി.ബി. പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
4. തനത് ഫണ്ട് 450210103 ശീർഷകം ബാങ്ക് അക്കൗണ്ടിൽ നിന്നും 02/11/2017 ൽ ഇഷ്യൂ ചെയത 161897 നം. ചെക്ക്(1,050/- രൂപ) കാലാവധി കഴിഞ്ഞിട്ടും Liability in Respect of Stale Cheques ശീർഷകത്തിലേക്ക് ക്രമീകരിച്ചിട്ടില്ല.

5. തൊഴിലുറപ്പ് പദ്ധതി ബാങ്ക് അക്കൗണ്ട് ശീർഷകത്തിലെ(450610102) 31.03.2019 ലെ നീക്കിയിരിപ്പും ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ 1.54 ലക്ഷം രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. തൊഴിലുറപ്പ് പദ്ധതി ഫണ്ട് അക്കൗണ്ട് ചെയ്തിരിക്കുന്ന 320100101 ശീർഷകത്തിലും 1.54 ലക്ഷം രൂപ കുറവായിട്ടാണ് ബി-4 ഷെഡ്യൂൾ പ്രകാരമുള്ളത്.

6. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കി നിരീക്ഷിക്കുന്നില്ല. ആയതിനാൽ 31.03.2019 ലെ ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരമുള്ള ഗ്രാന്റുകളുടെ നീക്കിയിരിപ്പിന്റെ കൃത്യത വ്യക്തമല്ല.

7. സംയുക്ത പ്രോജക്ടുകൾക്ക് ജില്ല-ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ലഭിച്ച തുകയുടെ ശീർഷകങ്ങളിലെ മുന്നിരിപ്പ് തുകയുടെ വിശദാംശം (പ്രോജക്ട്, വർഷം, ലഭ്യമായ തീയതി) ക്യാരി ഓവർ ചെയ്ത് 2018-19 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പൂർണ്ണമാക്കി തയ്യാറാക്കിയിട്ടില്ല.

8. 2018-19 ഡെപ്പോസിറ്റ് രജിസ്റ്ററിൽ 01.04.2018 ന മുൻപ് ലഭിച്ച നിക്ഷേപ തുകകളുടെ വിവരം ക്യാരി ഓവർ ചെയ്ത് തയ്യാറാക്കിയിട്ടില്ല. മുൻവർഷങ്ങളിൽ ലഭിച്ച നിക്ഷേപ തുകകളുടെ വിശദാംശം ലഭ്യമല്ലാത്തതിനാൽ കാലഹരണപ്പെട്ടവ കണ്ടെത്തി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് സാധിച്ചിട്ടില്ല.

9. 31.03.2019 ലെ ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂൾ പ്രകാരമുള്ള സംയുക്ത പ്രോജക്ടിനായി ലഭിച്ച ഫണ്ടുകളിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുക പ്രസ്തുത ഫണ്ട് സൂക്ഷിക്കുന്ന ട്രഷറി അക്കൗണ്ടിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

10. സർക്കാർ/മറ്റ് ഏജൻസി ഡ്യൂസ് രജിസ്റ്റർ തയ്യാറാക്കി പ്രസ്തുതയിനത്തിലുള്ള ബാധ്യത (ലൈബ്രറി സെസ്സ്, ജി.എസ്.ടി. തുടങ്ങിയവ) തുകകളുടെ സമയബന്ധിതമായ ഒടുക്ക് വിവരം നിരീക്ഷിക്കുന്നില്ല.

11. ട്രെയ്ഡർ തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് ഫീസ് ഇനങ്ങളിൽ മുൻകൂറായി ലഭിച്ച തുകകളുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല. പ്രസ്തുത ഇനങ്ങൾക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

12. 31.03.2019 ലെ ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂൾ പ്രകാരമുള്ള വിവിധ ശീർഷകങ്ങളിലെ മുൻകൂർ തുകയുടെ മുന്നിരിപ്പ് വിശദാംശം 2018-19 അഡ്വാൻസ് രജിസ്റ്ററിലേക്ക് ക്യാരി ഓവർ ചെയ്ത് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത കണക്കുകളുടെ വിശദാംശം വ്യക്തമല്ല. വിവിധ അഡ്വാൻസ് ശീർഷകങ്ങളിലെ ഇടപാടുകളുടെ സംക്ഷിപ്തവും രജിസ്റ്ററിൽ തയ്യാറാക്കിയിട്ടില്ല. 460600101-Electricity Deposit ശീർഷകത്തിലെ ഇടപാടുകളുടെ വിശദാംശം അഡ്വാൻസ് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

13. 2017-18 ലെ ആശ്രയ ചലഞ്ച് ഫണ്ട് കുടുംബശ്രീക്ക് നൽകിയത് 640,327/- രൂപ മുൻകൂറായിട്ടാണ് അക്കൗണ്ട് ചെയ്തിരുന്നത്(സാംഖ്യ ശീർഷകം-460500306). ചെലവായി അക്കൗണ്ട് ചെയ്യേണ്ടിയിരുന്ന തുക തൻവർഷവും ക്രമീകരിച്ചിട്ടില്ലാത്തതിനാൽ 31.03.2019 ബാലൻസ് ഷീറ്റിലും അവശേഷിക്കുന്നു.

14. ട്രെയ്ഡേഴ്സ് തൊഴിൽ നികുതി, ഡി & ഓ ലൈസൻസ് ഫീസ്, വാടക എന്നീ അക്രുവൽ വരവുകളുടെ ഡിമാന്റ് രജിസ്റ്റർ പ്രകരമുള്ള കണക്കുകൾ ക്രോഡീകരിച്ച് ഡി.സി.ബി. പത്രിക തയ്യാറാക്കിയിട്ടില്ല.

15. വാടക കുടിശിക ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള ഡി.സി.ബി. ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

16. ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃ വിഹിതം അക്കൗണ്ട് ചെയ്തിട്ടില്ല എന്നതിനാൽ പ്രസ്തുത വരവ്-ചെലവ് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രതിഫലിച്ചിട്ടില്ല.

17. തൊഴിലുറപ്പ് പദ്ധതി EFMS വരവ്-ചെലവ് ധനകാര്യ പത്രിക പ്രകാരമുള്ളത് തൊഴിലുറപ്പ് ക്യാഷ് ബുക്കിലെ കണക്കുമായി പൊരുത്തപ്പെടുന്നില്ല

## I-8 രസീത്ബുക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1. 26-10-19 ൽ കൃഷി ഓഫീസർക്ക് ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുന്നതിനായി നല്കിയ രസീത് ബുക്ക് നം.22170 ലെ 1 മുതൽ 6 വരെയുള്ള രസീതുകളിൽ തീയതി രേഖപ്പെടുത്താതെയാണ് തുക പിരിച്ചിട്ടുള്ളത്.

2. 10-01-19 ൽ വെറ്ററിനറി സർജൻ കൈപ്പറ്റിയ 22163 നം രസീത് ബുക്കിലെ 48 മുതൽ 56 വരെയുള്ള രസീതുകളിൽ തീയതി, ഒപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

ടി അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 14/14-11-19 നല്കിയതിന് മറുപടിയായി ക്ലറിക്കൽ അപാകതമൂലം പിഴവുകൾ സംഭവിച്ചതാണെന്നും മേലിൽ ആവർത്തിക്കുകയില്ലെന്നും അറിയിച്ചിട്ടുണ്ട്. രസീതുബുക്കുകൾ തികഞ്ഞ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതാണ്. ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിയ്ക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## I-9 പ്രത്യേക ആവശ്യത്തിനായി ലഭിച്ച തുകകൾ ചെലവഴിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നു

പ്രത്യേക ആവശ്യത്തിന് വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച തുകകൾ ചെലഴിക്കാതെ തനത് ഫണ്ടിലും ഇവയ്ക്ക് പ്രത്യേകമായി ആരംഭിച്ച ബാങ്ക് അക്കൗണ്ടുകളിലും സൂക്ഷിക്കുന്നുണ്ട്. ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിൽ (31.03.2019) ടി തുകകളുടെ നീക്കിയിരിപ്പ് താഴെ വിവരിക്കും പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് | വിവരണം | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 320100121 | ഐ.സി.ഡി.എസ്. | 924284 | പൂരകപോഷകാഹാരം കേന്ദ്ര വിഹിതം |
| 2 | 320200322 | ശുചിത്വ മിഷൻ ഗ്രാന്റ് | 2252698 | സ്വച്ഛ് ഭാരത് ശുചിത്വമിഷൻ ഫണ്ട് |
| 3 | 320200399 | സ്പെഷ്യൽ ഫണ്ട് | 134828 | രണ്ട് ക്ഷേത്രക്കുളങ്ങളുടെ നവീകരണത്തിന് ലഭിച്ചത് (ചെലവഴിച്ചതിന് ശേഷം അവശേഷിക്കുന്ന തുക) |
| 4 | 320700204 | ബ്ലോക്ക് പഞ്ചായത്തിൽ നിന്നും റവന്യൂ ചെലവിന് | 827431 | എസ്.ടി.ഭവനനിധിയ്ക്കായി ലഭിച്ചത് |

| | | | | |
|---|---|---|---|---|
| | | ലഭിച്ചത് | | |
| 5 | 320700405 | ജില്ലാപഞ്ചായത്ത് വിഹിതം | 13,00,000 | തോട്ടയ്ക്കാട്ട് കുടിവെള്ള പദ്ധതിയ്ക്കായി ലഭിച്ച തുക |
| 6 | 320100204 | എം.പി.ഫണ്ട് | 11,794 | എന്താവശ്യത്തിനാണ് ലഭിച്ചതെന്ന് വ്യക്തമല്ല |
| 7 | 320100201 | ഐ.സി.ഡി.എസ് | 10,000 | തോട്ടയ്ക്കാട്ട് അങ്കണവാടി കുടിവെള്ള പദ്ധതി |
| 8 | 320700104 | ബ്ലോക്ക് വിഹിതം | 75000 | |
| | | **ആകെ** | **5536035** | |

വിവിധ സ്രോതസ്സുകളിൽ നിന്ന് ലഭിച്ച 55.36 ലക്ഷം രൂപയുടെ ഫണ്ട് അതാത് ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നതിൽ വീഴ്ചയുണ്ടായത് ഭരണപരമായ കാര്യക്ഷമതയുടെ അഭാവം മൂലമാണ്. സംയുക്ത പ്രോജക്ടുകൾക്ക് വേണ്ടി ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭ്യമായ തുകയിൽ 8.27 ലക്ഷം രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്ന സാഹചര്യത്തിലേയ്ക്ക് അധികൃതരുടെ സജീവശ്രദ്ധ ക്ഷണിക്കുന്നു. പ്രസ്തുത തുകകൾ അനുവദിക്കപ്പെട്ട ആവശ്യത്തിനു വിനിയോഗിക്കുകയും വിനിയോഗിക്കുവാൻ സാധിക്കാത്ത തുകകൾ ബന്ധപ്പെട്ട ഏജൻസികൾക്ക് തിരികെ നൽകുകയും ചെയ്യേണ്ടതാണ്. ടി ചെലവുകളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-10 വസ്തു നികുതി നിർണ്ണയത്തിൽ കുറവ്

താഴെ കൊടുക്കുന്ന വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ വസ്തുനികുതി ഈടാക്കിയതിൽ

കുറവുണ്ടായിട്ടുണ്ട്. വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തെ ഒന്നായി കണക്കാക്കാതെ പല മുറികളായി തിരിച്ച് വസ്തുനികുതി നിർണ്ണയിച്ചതുമൂലം നികുതി ഇനത്തിൽ വലിയ കുറവുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു. ഓരോ കെട്ടിടത്തിനും 100ച.മീ.താഴെയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതിനിരക്കായ 50/-രൂപ നിരക്കിലാണ് നിർണ്ണയിച്ചിരുന്നത്.

| കെട്ടിടത്തിന്റെ വിവരം | വിസ്തീർണ്ണം (ച.മീ) | ഈടാക്കിയ നികുതി @50/ച.മീ | ഇളവ്/ വർദ്ധനവ് | ഈടാക്കിയ നികുതി |
|---|---|---|---|---|
| 143 A ജേക്കബ് ഫിലിപ്പ്, ആക്കാംകുന്നേൽ | 19.49 | 975 | ഇളവ് 10%= (-)97.5 വർദ്ധനവ് 20% = (+) 195 | 1073 |
| 143B | 19.49 | 975 | ഇളവ് 10%= (-)97.5 വർദ്ധനവ് 20% =(+) 195 | 1073 |
| 143C | 19.49 | 975 | ഇളവ് 10%= (-)97.5 | 1073 |

| | | | | |
|---|---|---|---|---|
| | | | വർദ്ധനവ് 20% =(+) 195 | |
| 143D | 19.49 | 975 | ഇളവ് 10%= (-)97.5 വർദ്ധനവ് 20% =(+) 195 | 1073 |
| 143E | 19.49 | 975 | ഇളവ് 10%= (-)97.5 വർദ്ധനവ് 20% =(+) 195 | 1073 |
| 143F | 19.49 | 975 | ഇളവ് 10%= (-)97.5 വർദ്ധനവ് 20% =(+) 195 | 1073 |
| ആകെ നികുതി | | | | 6438 |

എന്നാൽ ടി കെട്ടിടത്തെ ഒന്നായി കണക്കാക്കി വസ്തുനികുതി നിശ്ചയിക്കുമ്പോൾ ആകെ 116.94 ച.മീ ഉണ്ടായിരുന്ന കെട്ടിടത്തിന് 100 ച.മീ മുകളിലുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന നികുതിയായി 60 രൂപ നിരക്കിൽ നിശ്ചയിച്ച് താഴെപ്പറയും പ്രകാരം നികുതി ഈടാക്കേണ്ടിയിരുന്നു.

| | | | | |
|---|---|---|---|---|

| കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം (ച.മീ) | കണക്കാക്കേണ്ടിയിരുന്ന നികുതി @60/$m^2$ | ഇളവ് 10% | വർദ്ധനവ് 20% | ആകെ |
|---|---|---|---|---|
| 116.94 | 7016.4 | 701.6 | 1403.28 | 7718 |

വസ്തുനികുതി നിർണ്ണയത്തിൽ ആകെ 1280/-രൂപയുടെ കുറവുണ്ടായിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 28) മറുപടിയായി നികുതി പുനർനിർണ്ണയിക്കുന്നതിന് സഞ്ചയസോഫ്റ്റ്‌വെയർ തുറന്ന് ലഭിക്കുമ്പോൾ തന്നെ ഡാറ്റാപ്യൂരിഫിക്കേഷൻ നടത്തി നികുതി പുനർ നിർണ്ണയിക്കുന്നതാണ് എന്ന് അറിയിച്ചിരുന്നു. ടി കെട്ടിടത്തിന്റെ വസ്തുനികുതി കണക്കാക്കിയതിൽ കുറവായി വന്ന 1280/-രൂപ ലൈബ്രറിസെസ് സഹിതം അടിയന്തിരമായി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## I-11 വസ്തു നികുതി പരിഷ്കരണം-ഭേദഗതി നിരക്കുകൾ വിജ്ഞാപനം ചെയ്തിട്ടില്ല

വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച വിജ്ഞാപനത്തിന് 24.02.2015 ലെ സ.ഉ.(അച്ചടി)നം. 36/2015/തസ്വഭവ പ്രകാരം വരുത്തിയ ഭേദഗതിയിൽ സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ്, മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്ട് 2006 (2006 ലെ 7) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ, ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് ഒരു ച.മീറ്ററിന് ബാധകമായ കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. പഞ്ചായത്തിലെ മേൽ പറഞ്ഞ

ഉപയോഗക്രമത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ച് കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും പത്ര പരസ്യം നല്കി വിജ്ഞാപനം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (29/18.11.2019) മറുപടി ലഭ്യമാക്കിയില്ല. അടിസ്ഥാനവസ്തുനികുതി നിരക്കുകൾ പത്രപരസ്യം നൽകി വിജ്ഞാപനം ചെയ്ത് നികുതി നിർണ്ണയത്തിന് നിയമ പ്രാബല്യമുണ്ടെന്ന് ഉറപ്പ് വരുത്താൻ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-12 മൊബൈൽ ടവറുകളുടെ വസ്തു നികുതി കണക്കാക്കിയതിൽ അപാകത

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ തറ വിസ്തീർണ്ണം കണക്കാക്കിയതിൽ അപാകതയുള്ളതായി കാണുന്നു (2013-14 ഒന്നാം അർദ്ധവർഷം മുതൽ പ്രാബല്യം). സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വിശദാംശങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന 11 മൊബൈൽ ടവറുകൾക്കാണ് നാളിതുവരെ നികുതിനിർണ്ണയം നടത്തിയിട്ടുള്ളത്. മൊബൈൽ ടവറുകളുടെ നികുതി നിർണ്ണയത്തിൽ വിസ്തീർണ്ണം കണക്കാക്കിയപ്പോൾ ബാറ്ററി മുറി, സെക്യൂരിറ്റി മുറി, ജനറേറ്റർ മുറി എന്നിങ്ങനെയുള്ള അനുബന്ധ കെട്ടിടങ്ങൾക്കെല്ലാം ഉൾപ്പെടെയുള്ള വിസ്തീർണ്ണം കണക്കാക്കിയല്ല നികുതി നിർണ്ണയം നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാകുന്നു. ഗ്രാമപഞ്ചായത്ത് സഞ്ചയയിൽ വസ്തുനികുതി നിർണ്ണയിച്ച 2-ാം വാർഡിലെ ഇൻഡസ് ഒഴികെയുള്ള ടവറുകൾക്ക് വളരെ കുറഞ്ഞ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് നികുതി കണക്കാക്കിയിട്ടുള്ളത് എന്ന് ടവറുകളുടെ ഫോറം-6 ൽ നിന്നും വ്യക്തമാണ്. മൊബൈൽ ടവറുകളുടെ വിസ്തീർണ്ണം

പുനർനിർണ്ണയിച്ച് വസ്തുനികുതിയിൽ കുറവ് വന്നിട്ടുണ്ടെങ്കിൽ പരിഹരിക്കാൻ നടപടികളുണ്ടാകേണ്ടതാണ്.

## 1-13 വസ്തുനികുതി- ഡാറ്റാപ്യൂരിഫിക്കേഷൻ - പൂർത്തീകരിക്കുവാൻ നിരവധി കെട്ടിടങ്ങൾ

ഗ്രാമപഞ്ചായത്തിൽ നിശ്ചിത സമയപരിധിയ്ക്കകം 10872 കെട്ടിടങ്ങളുടെ ഡാറ്റാപ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചിരുന്നു. ഇനിയും പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിക്കുവാൻ 327 കെട്ടിടങ്ങൾ കൂടി ബാക്കിയുള്ളതായി പ്രസ്തുത വിഷയത്തിന്റെ വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 29)മറുപടിയായി അറിയിച്ചിരുന്നു. സെന്റ് ജ്യൂഡ് പബ്ലിക് സ്കൂൾ, ലൈഫ് വാലി ഇന്റർ നാഷണൽ സ്കൂൾ എന്നിവയുടെ കോംബൗണ്ടിലുള്ളതും വിദ്യാഭ്യാസാവശ്യത്തിനല്ലാതെ ഉപയോഗിക്കുന്ന ഓഫീസുകൾക്കും ക്യാന്റീനുകൾക്കും ഗ്രാമപഞ്ചായത്ത് പരിധിയിൽ വിവാഹങ്ങൾ നടന്നുവരുന്ന സെന്റ് ആൻഡ്രൂസ് സിഎസ്ഐ ചർച്ച്, നമ്പ്രത്ത് മാർത്തോമാ ചർച്ച്, തലപ്പാടി എന്നിവയുമായി ബന്ധപ്പെട്ട് പാരിഷ്ഹാളുകൾ/ ഓഡിറ്റോറിയങ്ങൾക്കും നികുതി പുനർനിർണ്ണയിക്കുന്നതിന് പ്യൂരിഫിക്കേഷൻ നടത്തിയിട്ടുള്ളതായി ഗ്രാമപഞ്ചായത്ത് അറിയിച്ചിരുന്നുവെങ്കിലും സഞ്ചയ സോഫ്റ്റ്‌വെയറിൽ ഈ കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചതായി കാണാൻ സാധിച്ചില്ല. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ഒരു പെട്രോൾപമ്പ് ഫ്യൂവൽ സ്റ്റേഷൻ എന്ന ഗണത്തിൽപ്പെടുത്തി നികുതി കണക്കാക്കേണ്ടതിന് പകരം വാണിജ്യാവശ്യത്തിനുള്ള കെട്ടിടം എന്ന ഗണത്തിൽപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. പ്യൂരിഫിക്കേഷനുമായി ബന്ധപ്പെട്ട ഇത്തരം അപാകതകൾ പരിഹരിക്കുന്നതിനും നികുതി പുനർനിർണ്ണയിക്കുന്നതിനും സോഫ്റ്റ്‌വെയർ തുറന്ന് ലഭിക്കുമ്പോൾ തന്നെ ഡാറ്റാപ്യൂരിഫിക്കേഷൻ നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 സ്ഥാപന തൊഴിൽ നികുതി-അടച്ചിട്ടില്ല

1.താഴെപറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

| ക്രമനം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | സപ്ലൈകൊ, പുതുപ്പള്ളി | II |
| 2 | കൊശമറ്റം ഫിനാൻസ്, തോട്ടയ്ക്കാട് | II |
| 3 | ഫ്ലോറാറ്റീറൊ റബർ &പ്ലാസ്റ്റിക്ക് ലിമിറ്റഡ് | II |
| 4 | ലോയൽബാങ്കേഴ്സ്, പുതുപ്പള്ളി | II |
| 5 | ബി.ആർ.ഡി സെക്യൂരിറ്റീസ് ലിമിറ്റഡ് | II |

2) ബി.ആർ.ഡി സെക്യൂരിറ്റീസ് ലിമിറ്റഡ്-ആറ് ജീവനക്കാർ ഉള്ള ടി സ്ഥാപനത്തിൽ നിന്നും രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഒടുക്കിയിട്ടില്ല. മേൽ പറഞ്ഞ സ്ഥാപനങ്ങൾ തൊഴിൽ നികുതി ഒടുക്കാത്തത് സംബന്ധിച്ച് വിശദീകരണം നല്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം.19/15-11-19നല്കിയതിന് മറുപടിയായി മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ടി സ്ഥാപനങ്ങളുടെ തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-15 മണ്ണ് ലേലം-നടപടിക്രമങ്ങൾ പാലിച്ചില്ല

ഗ്രാമപഞ്ചായത്തിന് വേണ്ടി പൊതുമരാമത്ത് വിഭാഗം നിർമ്മിക്കുന്ന മിനിസിവിൽസ്റ്റേഷൻ കെട്ടിട സൈറ്റ് ലവൽ ചെയ്യുന്നതിനായി 214.83ക്യൂ.മീ മണ്ണ് പഞ്ചായത്ത് ലേലം ചെയ്ത് നല്കിയിട്ടുണ്ട്. ഇതിനുള്ള നിരക്ക് (റോയൽറ്റി+കൺവേയൻസ്) 230.71രൂപ/ക്യൂ.മീ ആയി അസിസ്റ്റന്റ് എഞ്ചിനീയർ നിർണ്ണയിച്ച് നല്കിയിട്ടുണ്ട്. 20/6/2018 ലെ 2(3) നമ്പർ തീരുമാനപ്രകാരം ലേലം ഉറപ്പിച്ച കിട്ടിയ ടിന്റു വി.പി എന്നയാൾ ലേല തുക 51750/- രൂപ പഞ്ചായത്തിൽ അടക്കുകയും ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. സി.പി.ഡബ്ല്യു.ഡി സ്പെസിഫിക്കേഷൻ പ്രകാരം മണ്ണിന് വില നിശ്ചയിച്ചിട്ടില്ലാത്തതിനാലും മണ്ണ് മൂല്യ നിർണ്ണയത്തിന് നിയതമായ രീതിയില്ലെന്നുമിരിക്കെ മാർക്കറ്റിൽ നിലവിലുള്ള നിരക്കിൽ ക്വട്ടേഷൻ വിളിച്ച് പരമാവധി ലഭിക്കാവുന്ന തുക കണ്ടെത്തി വില നിർണ്ണയിക്കാനുള്ള സാധ്യത പരിഗണിച്ചതായി കാണുന്നില്ല.
2. സർക്കാരിൽ അടക്കേണ്ട റോയൽറ്റി, മണ്ണ് സ്ഥലത്തു നിന്നും നീക്കം ചെയ്യുന്നതിനാൽ കേരള ലാന്റ് കൺസർവൻസി ആക്ട് നിയമം 6(1&2) പ്രകാരമുള്ള സീനറേജ് ചാർജ് പഞ്ചായത്തിൽ നിന്നും അടക്കേണ്ടതാണെന്നിരിക്കെ ഇതിന് കരാറുകാരനെ പഞ്ചായത്ത് ചുമതലപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. ഇയാൾ സർക്കാരിലേക്ക് അടവാക്കേണ്ട തുകകൾ അടച്ചതിന്റെ വിവരം പഞ്ചായത്തിൽ ഇല്ല. ആയതിനാൽ മണ്ണ് നീക്കം ചെയ്തത് നിയമാനുസൃതമാണോ എന്ന് ഉറപ്പിക്കാൻ കഴിയുന്നില്ല.
3. സൈറ്റിൽ നിന്നും നിർണ്ണയിച്ച് നല്കിയിട്ടുള്ള 214.83 ക്യൂ.മീ മണ്ണിൽ കൂടുതൽ നീക്കരുതെന്ന് കരാറുകാരന് നിർദ്ദേശം നല്കിയിരുന്നെങ്കിലും, ആയത് എഞ്ചിനീയറിംഗ് വിഭാഗം പരിശോധിച്ച് ഉറപ്പുവരുത്തിയിരുന്നില്ല. (എടുത്തുമാറ്റിയ മണ്ണിന്റെ അളവ് റിക്കോഡ് ചെയ്തിട്ടില്ല).

അപാകതകളിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയിട്ടില്ല. ഈ സാഹചര്യത്തിൽ മണ്ണ് മാറ്റൽ നടന്നത് നിയമാനുസൃതമാണെന്നും സർക്കാരിലേക്ക് അടവാക്കാനുള്ള തുകകൾ (റോയൽറ്റി, സീനറേജ് മുതലായവ) അടവാക്കിയിട്ടുണ്ട് എന്നും തെളിയിക്കുന്നതിന് ആവശ്യമായ രേഖകൾ പഞ്ചായത്തിൽ ഇല്ല. ഭരണസമിതി വിഷയം പരിശോധിക്കേണ്ടതും മൈനിംഗ്&ജിയോളജി വകുപ്പുമായി ബന്ധപ്പെട്ട് മേൽ പരാമർശങ്ങളിൽ പരിഹാര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 1-16 വാടക കുടിശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി-പഞ്ചായത്ത് തുടർ നടപടികൾ സ്വീകരിച്ചില്ല

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടമുറി വാടകയ്ക്ക് എടുത്തിരുന്ന ശ്രീ അനിൽകുമാർ, കണിയാംപറമ്പിൽ പുതുപ്പള്ളി, ശ്രീ ജയപ്രകാശ് എന്നിവർ വാടക കുടിശിക വരുത്തുകയും, തുക അടക്കാത്തതിനാൽ RRനടപടികൾക്ക് പഞ്ചായത്തിൽ നിന്നും റിക്വിസിഷൻ കോട്ടയം ജില്ലാ കളക്ടർക്ക് അയക്കുകയും ചെയ്തിരുന്നു. റിക്വിസിഷൻ പ്രകാരമുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | കാലയളവ് | വാടക | പിഴപലിശ | നോട്ടീസ് ചാർജ് | ആകെ |
|---|---|---|---|---|---|---|
| 1 | ശ്രീ.അനിൽകുമാർ | 2002-03 മുതൽ 2007-08 വരെ | 99741 | 17953 | 26 | 117720 |
| 2 | ശ്രീ ജയപ്രകാശ് | 1999-00 മുതൽ 2001-02 വരെ | 54384 | 9789 | 26 | 64199 |

ഇതിൽ ശ്രീ അനിൽ കുമാറിൽ നിന്നും തുക ഈടാക്കി നല്കണമെന്നുള്ള പഞ്ചായത്ത് സെക്രട്ടറിയുടെ 4/8/2010 ലെ എ5/1663/10 നമ്പർ റിക്വിസിഷന് കോട്ടയം ജില്ലാ കളക്ടർ നല്കിയ മറുപടിയിൽ (എൻ.ഡിസ് 8861/12 ബി6 തീയതി 22/2/2012) കക്ഷി ആലപ്പുഴ ജില്ലയിലേക്ക് താമസം മാറ്റിയെന്നും അഭ്യർത്ഥന ഓൺ ലൈൻ ആയി ആലപ്പുഴ കളക്ടർക്ക് നല്കണമെന്നും നിർദ്ദേശിച്ചിരുന്നു. ശ്രീ ജയപ്രകാശിൽ നിന്നും തുക ഈടാക്കി നല്കണമെന്ന റിക്വിസിഷൻ ഇയാൾ ആലപ്പുഴ ജില്ലയിലേക്ക് താമസം മാറ്റിയതിനാൽ തിരികെ അയയ്ക്കുന്നതായി 05/02/2013 ൽ കളക്ടർ അറിയിച്ചിട്ടുണ്ട്. മേൽ പറഞ്ഞ 2 കേസുകളിലും പഞ്ചായത്തിൽ നിന്നും തുടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. യഥാസമയം നടപടി സ്വീകരിക്കാത്തതു മൂലം പഞ്ചായത്തിന് 181919/- രൂപ നഷ്ടം വന്നിട്ടുള്ളതായി കാണുന്നു. വിഷയത്തിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണകുറിപ്പ് നല്കിയെങ്കിലും മറുപടി നല്കിയിട്ടില്ല. കളക്ടറുടെ നിർദ്ദേശാനുസരണം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും നിലവിലെ സ്ഥിതി സംബന്ധിച്ചും ഭരണ സമിതി വ്യക്തത വരുത്തേണ്ടതും പഞ്ചായത്തിന് സംഭവിച്ച ധനനഷ്ടത്തിന്മേൽ ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-17 "ഫാക്ടറികൾക്കും,വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും,മറ്റു സേവനങ്ങൾക്കും ലൈസൻസ് നല്കൽ" ചട്ടങ്ങൾ പ്രകാരം ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവ ലൈസൻസ് എടുക്കാതെയാണ് നിലവിൽ പ്രവർത്തിച്ചുവരുന്നത്. "ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റു സേവനങ്ങൾക്കും ലൈസൻസ് നല്കൽ" ചട്ടങ്ങളിലെ പട്ടിക1 ലെ ക്രമ നം 139 പ്രകാരം കള്ളുഷാപ്പുകളും 149പ്രകാരം റേഷൻ കടകൾ,

മാവേലി സ്റ്റോറുകൾ എന്നീ സ്ഥാപനങ്ങളും ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ടവയാണ്. ടി സ്ഥാപനങ്ങൾ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-18 ഇ ടെൻഡർ ഫീസുകൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2018-19 വർഷം വളരെയധികം ടെൻഡറുകൾ ഇ-ടെൻഡറായാണ് നടപ്പാക്കിയത്. വാർഷികപദ്ധതിയുടെ ഭാഗമായുള്ള നിർമ്മാണപ്രവൃത്തികൾക്ക് പുറമെ റർബൻ മിഷൻ ഫണ്ട് ഉപയോഗിച്ചുള്ള 60 റോഡ് നിർമ്മാണപ്രോജക്റ്റുകളും ഇ-ടെൻഡറായാണ് നടപ്പാക്കിയിരുന്നത്. ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കി വന്നിരുന്നത് അതാത് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലായിരുന്നു. ടി തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്കുള്ള വരുമാനം കൂടിയാണ്. 2018-19 വർഷം പുതുപ്പള്ളി ഗ്രാമപഞ്ചായത്തിലെ ഇ– ടെൻഡറുകളുടെ ഫീസിനത്തിൽ എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭ്യമായ തുകകൾ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിരുന്നുവെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (16)മറുപടിയായി ടെൻഡർ ഫീയിനത്തിൽ ലഭിക്കാനുള്ള തുകകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിരുന്നു. ടെൻഡർ ഫീസിനത്തിൽ ലഭിക്കാനുള്ള തുകകളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ സഹിതം എക്സിക്യൂട്ടീവ് എഞ്ചിനീയറെ അറിയിച്ച് ലഭിക്കാനുള്ള മുഴുവൻ തുകയും ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 എറികാട് ഗവ.യു പി സ്കൂൾ സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണം- മാതൃകാപരം

2018-19 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് പൂർത്തിയാക്കിയ ഒരു

മാതൃകാപ്രോജക്ടാണ് എറികാട് യു.പി.സ്കൂൾ സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണം. നാഷണൽ റർബൻ മിഷൻ ഫണ്ടും ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടും ഉപയോഗിച്ചാണ് ഈ പ്രോജക്ട് പൂർത്തിയാക്കിയിട്ടുള്ളത്. എറികാട് യു.പി.സ്കൂളിലെ 7ക്ലാസ്സ് മുറികളും സ്മാർട്ട് ക്ലാസ്സ് മുറികളാക്കി സ്കൂളിനെ അന്തരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താൻ ഉദ്ദേശിച്ചാണ് ടി പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളത്. സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണത്തിനായി ഗ്രാമപഞ്ചായത്ത് വിനിയോഗിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ബിൽ നം./തീയതി/വൗച്ചർ നം./തീയതി |
|---|---|---|---|
| SO151/19, സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണം | കേന്ദ്രാവിഷ്കൃത ഫണ്ട്-2815000 തനത് ഫണ്ട്-200,000 | കേന്ദ്രാവിഷ്കൃതം-2815000 തനത് ഫണ്ട് -169,000 | വൗച്ചർ നം.21801027/6.2.19 തുക-18,00,000 (ചെക്ക് 598866/6.2.19) വൗച്ചർനം.21801388 തീ.30.3.19 തുക -1015000 (ചെക്ക് നം.598868 തീ.30.3.19 വൗച്ചർ നം.21801383 തീ 30.3.19 തുക-119106 (ചെക്ക് നം.268537തീ 30.3.19) |

| | | | |
|---|---|---|---|
| | | | വൗച്ചർനം.21801384/30.3.19 തുക - 49894 (ചെക്ക് നം.(268538 /30.3.19 |
| SO222/19, എറികാട് യു.പി.എസ് വയറിംഗ് | തനത് ഫണ്ട് -472000 | 433396 | 21801380/30.3.19 തുക-416060 (ചെക്ക് നം.268535/30.3.19) 17336/- വൗച്ചർ നം നം.21801381/30.3.19 21801382/30.3.19 (ചെക്ക് നം.268536 /30.3.19) |
| | **ആകെ** | **3417396** | |

ഏറ്റവും കുറഞ്ഞ ടെണ്ടർ സമർപ്പിച്ച ആർ.ജെ എന്റർപ്രൈസസ്സ് കോട്ടയം എന്ന സ്ഥാപനമാണ് ക്ലാസ്സ് മുറികൾ സ്മാർട്ട് ക്ലാസ്സ് ആക്കുന്നതിനുള്ള ഇലക്ട്രിക്ക് സാധനങ്ങൾ സപ്ലൈ ചെയ്ത് ഇൻസ്റ്റാൾ ചെയ്തിട്ടുള്ളത്. ക്ലാസ്സ് മുറികളിൽ സ്ഥാപിച്ചിട്ടുള്ള സാധനങ്ങൾ പ്രവർത്തിപ്പിച്ച് അതിന്റെ ഗുണനിലവാരം നാട്ടകം ഗവ.പോളിടെക്നിക്ക് ഇലക്ട്രോണിക് വിഭാഗം പരിശോധിച്ച് ഉറപ്പുവരുത്തി സാക്ഷ്യപത്രം നൽകിയിട്ടുണ്ട്.

മികച്ച പഠനനിലവാരം കുട്ടികൾക്ക് ലഭ്യമാക്കുവാൻ ഉന്നതനിലവാരത്തിൽ ഏറ്റവും പുതിയ ഹൈ-ടെക് സംവിധാനമാണ് ക്ലാസ്സ് മുറികളിൽ ഒരുക്കിയിരിക്കുന്നത്. വിദൂരസ്ഥലങ്ങളിലുള്ള വിദഗ്ധരുടെ ക്ലാസ്സുകൾ ലഭ്യമാക്കാൻ എ.പി.ക്യാമറകൾ, വിഷ്വലൈസർ, ഇന്ററാക്ടീവ് ഡിജിറ്റൽ

പോഡിയം, സ്മാർട്ട് ബോർഡ് തുടങ്ങിയവ എല്ലാ ക്ലാസ്സ്മുറികളിലും ഒരുക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ സ്വപ്നപദ്ധതിയായ സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണം നടക്കുന്നതുവരെ ഈ സ്കൂളും ലാഭകരമല്ലാത്ത സ്കൂളുകളുടെ ഗണത്തിൽ ഉൾപ്പെട്ടതായിരുന്നു. 2018-19ൽ ആകെ 73കുട്ടികൾ ഉണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ കുട്ടികളുടെ എണ്ണം 114 ആയി ഉയർന്നിട്ടുണ്ട്. സ്കൂളിനോടനുബന്ധിച്ചുള്ള പ്രീ-പ്രൈമറി ക്ലാസ്സിൽ 39 കുട്ടികളും, 1-ാം ക്ലാസ്സിൽ തലേവർഷം 10കുട്ടികളുടെ സ്ഥാനത്ത് ഇപ്പോൾ 27 കുട്ടികൾ പ്രവേശനം നേടിയിട്ടുണ്ട്.

ഓട് പാകിയ കെട്ടിടത്തിലെ ചില ക്ലാസ് മുറികളിൽ ചോർച്ചയുള്ളതായി കാണപ്പെട്ടതും ലാപ്ടോപുകളിൽ ഫ്രീ സോഫ്റ്റ് വെയറുകളായ ഉബണ്ടു, ലിനക്സ് എന്നിവയ്ക്ക് പകരം വിൻഡോസ് സോഫ്റ്റ്വെയർ ആണ് ഉപയോഗിക്കുന്നത് എന്നതും പരിഹരിക്കേണ്ടതുണ്ട്. എന്നിരുന്നാലും പൊതുവിദ്യാഭ്യാസ മേഖലയിൽ ഇത്തരത്തിലുള്ള മാറ്റങ്ങൾ കൊണ്ടുവരാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചു എന്നത് ശ്ലാഘനീയമാണ്. അടിസ്ഥാന സൗകര്യത്തിലുള്ള മികവ് സ്ഥായിയായി നിലനിർത്തി പ്രയോജനപ്പെടുത്തുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-20 നാഷണൽ റർബൻ മിഷൻ -പുതുപ്പള്ളി മണർകാട് ക്ലസ്റ്റർ-പുതുപ്പള്ളി പഞ്ചായത്തിൽ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം

കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ സ്കീമായ ശ്യാമപ്രസാദ് മുഖർജി റർബൻ മിഷന്റെ (SPMRM) ആഭിമുഖ്യത്തിൽ നഗരസൗകര്യത്തോടെ ഗ്രാമപ്രദേശങ്ങളിലെ സാമ്പത്തിക, സാമൂഹിക പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് രണ്ട് ഗ്രാമപ്രദേശങ്ങളുടെ ക്ലസ്റ്റർ രൂപീകരിച്ച് വികസന പദ്ധതികൾ തയ്യാറാക്കിയിരുന്നു. പുതുപ്പള്ളി- മണർകാട് റർബൻ ക്ലസ്റ്ററിൽ നാഷണൽ റർബൻ മിഷൻ(NRuM) മുഖേന പുതുപ്പള്ളി ഗ്രാമപഞ്ചായത്തിന് ക്രിട്ടിക്കൽ ഗ്യാപ് ഫണ്ട്(CGF)

ഇനത്തിൽ 14 കോടി രൂപയുടെ പദ്ധതികൾക്ക് ഡീറ്റെയ്ൽഡ് പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി അംഗീകാരം ലഭിച്ചിരുന്നു. 2016-17, 2017-18, 2018-19 വർഷങ്ങളിലായി നടപ്പാക്കുന്നതിനായിരുന്നു ലക്ഷ്യമിട്ടത്. എന്നാൽ പദ്ധതി ആരംഭിച്ചത് 2018 ൽ മാത്രമാണ്. അംഗീകാരം ലഭിച്ച പ്രോജക്റ്റുകളുടെയും ചെലവിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Sl No | പ്രോജക്റ്റിന്റെ പേര് (അടങ്കൽ തുക ലക്ഷത്തിൽ) | അടങ്കൽ | | റീലീസ് ചെയ്യപ്പെട്ട തുക | നാളിതുവരെ ചെലവഴിച്ച തുക (തുക ലക്ഷത്തിൽ) | | നീക്കിയിരിപ്പ് CGF (തുക ലക്ഷത്തിൽ) | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|
| | | കൺവർജൻസ് തുക (തുക ലക്ഷത്തിൽ) | CGF (തുക ലക്ഷത്തിൽ) | CGF (തുക ലക്ഷത്തിൽ) | കൺ വർജൻസ് | CGF | | |
| 1 | 3 സ്കൂളുകൾക്ക് കമ്പ്യൂട്ടർ ലാബ് | 17.00 | 18.00 | 0 | 0 | 0 | 0 | സാങ്കേതി കാനുമതി ലഭിച്ചിരുന്നു |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | (അടങ്കൽ 35.00) | | | | | | | വെങ്കിലും എസ്റ്റിമേറ്റ് രണ്ടാക്കി (ഇലക്ട്രിക്കൽ, നെറ്റ് വർക്കിംഗ്) ലഭിക്കുന്ന തിനായി DLTCEയ്ക്ക് നൽകിയിരി ക്കുന്നു |
| 2 | പൈപ്പ്ലൈൻ എക്സ്റ്റെൻഷൻ (HH) (അടങ്കൽ 180.00) | | 180.00 | 178.95 | 0 | 175.43762 (Deposit KWA, കോട്ടയം) | 3.51238 | SBI തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിക്കുന്നു |
| 3 | ആയുർവ്വേദ ഹോസ്പിറ്റൽ എക്സ്റ്റെ ൻഷൻ (അടങ്കൽ 50.00) | 0 | 50.00 | 0 | 0 | 0 | 0 | പ്രവൃത്തി പുരോഗമിക്കുന്നു |
| 4 | മൊബൈൽ ഹെൽത്ത് യൂണിറ്റ് | 0 | 62.5 | 14.01590 | 0 | 0 | 14.01590 | ജെം രജിസ്ട്രേ ഷനില്ലാത്തതി നാൽ |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | (അടങ്കൽ 62.5) | | | | | | | പദ്ധതി നടപ്പാക്കിയില്ല. |
| 5 | സബ് സെന്റർ -പിഎച്ച് സി (അടങ്കൽ 50.00) | | 50.00 | 0 | 0 | 0 | 0 | 28-2-19 ലെ കമ്മറ്റി തീരുമാന പ്രകാരം പദ്ധതി ഉപേക്ഷിക്കാൻ തീരുമാനം |
| 6 | സ്ട്രീറ്റ് ലൈറ്റ് -എൽ ഇഡി (അടങ്കൽ 118.6434) | 15.2934 | 103.35 | 99.10556 | 0 | 99.10556 | 0 | Deposit KSEB |
| 7 | പുതുപ്പള്ളി ഗവ.എൽപി എസ് മെയിന്റനൻസ് (അടങ്കൽ 8.553) | 1.553 | 7.00 | 6.98176 | 0 | 6.98176 | 0 | |
| 8 | എറികാട് ഗവ.യുപി എസ് മെയിന്റനൻസ് (അടങ്കൽ 30.15296) | 2.00 | 28.15296 | 28.15 | 1.69 | 28.15 | 0 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 9 | സെന്റ് ജോർജ്ജ് GHSS (അടങ്കൽ 700) | 500.00 (കിഫ്ബി) | 200.00 | 0 | 0 | 0 | 0 | കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള പ്രവർത്തന ങ്ങൾ നടന്നു വരുന്നു. |
| 10 | മെയിന്റനൻസ് കളിസ്ഥലം-ബോയ്സ് HSS (അടങ്കൽ 4.15) | 2.50 | 1.65 | 0 | 0 | 0 | 0 | സ്ഥലം ഗ്രാമപഞ്ചാ യത്തിന്റെ ഉടമസ്ഥത യിലല്ല. പ്രോജക്റ്റ് നടപ്പാകാൻ സാദ്ധ്യതയില്ല |
| 11 | 17 ഡിജിറ്റൽ അംഗൻ വാടികൾ (അടങ്കൽ 31.20) | 24.00 | 7.20 | 6.40 | 0 | 6.40 | 0 | |
| 12 | അംഗൻവാടി നിർമ്മാണം (അടങ്കൽ 61.9629) | 60.63 | 1.3329 | 0 | 0 | 0 | 0 | 2019-20 വർഷത്തേക്ക് പ്രോജക്റ്റിന് DPC അംഗീകാരം ലഭിച്ചിട്ടുണ്ട്. |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 13 | വിവിധ വാർഡു കളിലെ റോഡ് നിർമ്മാണം (അടങ്കൽ 225.00) | 0 | 225.00 | 164.02952 | 0 | 164.02952 (57റോഡുകളുടെ നിർമ്മാണം) | 0 | |
| 14 | MGNREGS റോഡ് കോൺക്രീറ്റിംഗ് -11 Roads (അടങ്കൽ 28.60) | 22.00 | 6.60 | 0 | 0 | 0 | 0 | 28-2-19 ലെ കമ്മറ്റി തീരുമാന പ്രകാരം പദ്ധതി ഉപേക്ഷിക്കാൻ തീരുമാനം |
| 15 | വെയിറ്റിംഗ് ഷെഡ്/ബസ് സ്റ്റാൻഡ് നവീകരണം (അടങ്കൽ 112.5) | 37.5 | 75.00 | 0 | 0 | 0 | 0 | 28-2-19 ലെ കമ്മറ്റി തീരു മാന പ്രകാരം പദ്ധതി ഉപേക്ഷിക്കാൻ തീരുമാനം |
| 16 | വാട്ടർ ചാനൽ, കുളങ്ങൾ നവീകരണം | 11.72886 | 4.52114 | 2.48105 | 1.22436 MGN REGS | 2.48105 | 0 | MGNREGS മുഖേനയാണ് നടപ്പാക്കിയത്. |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | (അടങ്കൽ 16.25) | | | | | | | |
| 17 | ചെക്ക് ഡാം (അടങ്കൽ 50.00) | 0 | 50.00 | 45.00 | 0 | 45.00 | 0 | (Deposit Minor Irrigation) |
| 18 | ബണ്ട് നിർമ്മാണം &VCB (അടങ്കൽ 10.00) | 0 | 10.00 | 10.00 | 0 | 10.00 (Deposit Minor Irrigation) | 0 | UC ലഭിച്ചിരുന്നു |
| 19 | കൊട്ടൂരാർ നവീകരണം (അടങ്കൽ 100.00) | 0 | 100.00 | 99.9921 | 0 | 99.94921 (Deposit Minor Irrigation) | 0 | 29.60 ലക്ഷം രൂപയുടെ UC ലഭിച്ചിരുന്നു |
| 20 | മത്സ്യമാർക്കറ്റ് &ലിച്ച് പിറ്റ് (അടങ്കൽ 200.00) | 0 | 200.00 | 0 | 0 | 0 | 0 | 28-2-19 ലെ കമ്മറ്റി തീരുമാന പ്രകാരം പദ്ധതി ഉപേക്ഷിക്കാൻ തീരുമാനം |
| 21 | പാറയ്ക്കൽ കടവ് | 0 | 20.00 | 0 | 0 | 0 | 0 | അങ്ങാടിഭാഗം സൗന്ദര്യവത് |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | വികസനം (അടങ്കൽ 20.00) | | | | | | | ക്കരണം എന്ന് പുതുക്കിയിട്ടുണ്ട്. പ്രാരംഭ ഘട്ടത്തി ലാണ്. |
| | **ആകെ** | **692.205** | **1400.307** | **655.06300** | **2.91436** | **637.53472** | **17.52828** | |

ജില്ലാപഞ്ചായത്ത്/ഗ്രാമപഞ്ചായത്ത് വിഹിതവും കിഫ്ബി ഉൾപ്പെടെയുള്ള ഏജൻസികളിൽ നിന്നുള്ള ധനസഹായവുമാണ് കൺവർജൻസ് ഫണ്ടായി ഉൾപ്പെടുത്തി വകയിരുത്തിയിരുന്നത്. ഇതിൽ കൺവർജൻസ് ഫണ്ടിൽ നിന്നും 2,91,436/- രൂപ (തനത് ഫണ്ട്) മാത്രമേ ചെലവഴിച്ചിരുന്നുള്ളൂ.

**(I) അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ സമയബന്ധിതമായി ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടില്ല – വൻതുക പാഴാകുന്ന സ്ഥിതി**

കൺവർജൻസ് ഫണ്ടും ക്രിട്ടിക്കൽ ഗ്യാപ് ഫണ്ടും വിനിയോഗിച്ച് 20 നിർമ്മാണപ്രവൃത്തികൾക്കായി നാഷണൽ റർബൻ മിഷന്റെ അംഗീകാരം ലഭിച്ചിരുന്നു. 2016-17 വർഷം അംഗീകാരം ലഭിച്ച് 2018-19 വർഷം പൂർത്തിയാകുന്ന രീതിയിൽ തയ്യാറാക്കിയ പ്രോജക്റ്റുകളിൽ 11പ്രോജക്റ്റുകൾക്ക് ഓഡിറ്റ് തീയതിവരേയും തുക ചെലവഴിക്കാൻ സാധിച്ചിട്ടില്ല. 14 കോടി NruM ഫണ്ട് ലഭ്യമാകുമായിരുന്നുവെങ്കിലും നാളിതുവരെ റിലീസ് ചെയ്യപ്പെട്ട 6.55 കോടി രൂപയിൽ 6.37 കോടി രൂപ മാത്രമേ ഗ്രാമപഞ്ചായത്തിന് ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. 3പ്രോജക്റ്റുകൾ ഗ്രാമപഞ്ചായത്ത് കമ്മേറ്റിയുടെ 28-2-2019 ലെ കമ്മേറ്റി തീരുമാനത്തിന്റെ

അടിസ്ഥാനത്തിൽ ഉപേക്ഷിക്കേണ്ടി വന്നത് അവധാനത പുലർത്തി ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാത്തതുമൂലമാണ്. നിർവ്വഹണം ആരംഭിച്ച് മൂന്ന് വർഷത്തിന് ശേഷവും പല പ്രോജക്ടുകളും പ്രാരംഭഘട്ടത്തിലാണ്. 6 കോടിയിലേറെ കൺവർജൻസ് ഫണ്ട് വകയിരുത്തിയിരുന്നുവെങ്കിലും വെറും 2.91 ലക്ഷം രൂപ മാത്രമേ ഗ്രാമപഞ്ചായത്തിന് ചെലവഴിക്കാൻ സാധിച്ചിരുന്നുള്ളൂ. മറ്റ് സ്ഥാപനങ്ങളിൽ നിന്നുള്ളവയുൾപ്പടെയുള്ള ഫണ്ടിന്റെ ലഭ്യത പരിഗണിക്കാതെയും സ്ഥലലഭ്യത പരിശോധിക്കാതെയും ഡിപിആർ തയ്യാറാക്കിയത് മൂലവും പദ്ധതി നടത്തിപ്പിലെ കാര്യക്ഷമതയില്ലായ്മ മൂലവും വൻതുക നഷ്ടമാവുന്ന സാഹചര്യം സംജാതമാക്കിയിരിക്കുന്നു. 2019-20 വർഷത്തേക്കുകൂടി പദ്ധതി ദീർഘിപ്പിക്കാൻ അനുമതിയുള്ളതായി കാണുന്നു. പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കാത്ത പക്ഷം 8 കോടി രൂപയോളം ഗ്രാമപഞ്ചായത്തിന് നഷ്ടമാവുന്ന സ്ഥിതിവിശേഷമാണുള്ളത്. ഇക്കാര്യത്തിൽ ഭരണസമിതി അതീവജാഗ്രത പുലർത്തേണ്ടതുണ്ട്.

**(2) NruM ഫണ്ട് – തനത് ഫണ്ട് അക്കൗണ്ടിൽ–ക്രമവിരുദ്ധം**

29-01-2018 ൽ NruM ഫണ്ട് ആദ്യഗഡുവായി ലഭിച്ച 1,78,95,000/- രൂപ ഗ്രാമപഞ്ചായത്ത് തനത് ഫണ്ട് അക്കൗണ്ടായ SBI പുതുപ്പള്ളി (അക്കൗണ്ട് നം 67175251855) ശാഖയിൽ നിക്ഷേപിക്കുകയും ഇതിൽ നിന്നും 1,75,43,762/- രൂപ ഗാർഹികകണക്ഷന് പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ എന്ന NruM പ്രോജക്ടിനായി ചെലവഴിക്കുകയും ചെയ്തു. ടി അക്കൗണ്ടിൽ ബാലൻസ് തുകയായ 351238/- രൂപ അവശേഷിക്കെ കേന്ദ്രഫണ്ടിന് പ്രത്യേക അക്കൗണ്ട് സൂക്ഷിക്കണമെന്ന മിഷൻ ഡയറക്ടറുടെ നിർദ്ദേശപ്രകാരം സൗത്ത് ഇൻഡ്യൻ ബാങ്ക് പുതുപ്പള്ളി ശാഖയിൽ പുതിയ അക്കൗണ്ട് ആരംഭിക്കുകയുണ്ടായി (അക്കൗണ്ട് നം 763053000004065). എന്നാൽ തനത് ഫണ്ട് അക്കൗണ്ടിൽ നിലനിന്നിരുന്ന ബാലൻസ് തുകയായ 351238/- രൂപ

പുതിയ അക്കൗണ്ടിലേക്ക് നാളിതുവരെ മാറ്റിയിട്ടില്ല. പ്രത്യേക ഉദ്ദേശത്തിനായി ലഭിച്ച കേന്ദ്രഫണ്ട് തുകകൾ തനത് ഫണ്ടിൽ സൂക്ഷിച്ച് ഗ്രാമപഞ്ചായത്തിന്റെ ദൈനംദിനകാര്യങ്ങൾക്ക് ഉപയോഗിച്ച് വരുന്നത് ക്രമവിരുദ്ധമാണ്. ടി തുക പ്രസ്തുത ആവശ്യത്തിനായി ആരംഭിച്ച പ്രത്യേക അക്കൗണ്ടിലേക്ക് മാറ്റുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**(3) വൻ തുകകളുടെ നിക്ഷേപപ്രവൃത്തികൾ- പൂർത്തീകരണ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല**

റർബൻ മിഷൻ ഫണ്ട് ഉപയോഗിച്ച് 2018-19 വർഷം വിവിധ ഏജൻസികളിൽ തുകനിക്ഷേപിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ഗാർഹിക കണക്ഷന് പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | വാട്ടർ അതോറിറ്റി | 21,15,000/- |
| കൊട്ടൂരാർ നവീകരണം | മൈനർ ഇറിഗേഷൻ വകുപ്പ് | 70,34,920/- |
| ചെക്ക് ഡാം-വലിയ തോട് | മൈനർ ഇറിഗേഷൻ വകുപ്പ് | 45,00,000/- |
| സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ -LED | കെ.എസ് ഇബി, പുതുപ്പള്ളി | 78,51,328/- |
| **ആകെ** | | **2,15,01,248/-** |

മേൽപറഞ്ഞ 4 പ്രോജക്ടുകൾക്കുമായി ആകെ 2,15,01,248/- രൂപ വിവിധ ഏജൻസികളിൽ നിക്ഷേപിച്ചിരുന്നുവെങ്കിലും നാളിതുവരെ പൂർത്തീകരണ വിനിയോഗസാക്ഷ്യപത്രം

ഏജൻസികളിൽ നിന്നും ലഭ്യമായിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ ഈയിനത്തിൽ 2018-19 വർഷം ചെലവഴിച്ച 2,15,01,248/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**(4) മൈനർ ഇറിഗേഷൻ വകുപ്പിന്റെ പക്കൽ അധികതുക- ഈടാക്കാൻ നടപടി സ്വീകരിച്ചില്ല.**

റർബൻ മിഷൻ ഫണ്ട് ഉപയോഗിച്ച് നടത്തിയ കൊട്ടൂരാർ നവീകരണം എന്ന പദ്ധതിയ്ക്കായി 2017-18 വർഷം മൈനർ ഇറിഗേഷൻ വകുപ്പിന് 29,60,000/- രൂപ നിക്ഷേപമായി നൽകിയിരുന്നു. ഇതിൽ കന്നുകുഴി തോട്, തറയിൽ തോട് എന്നിവയുടെ പുനരുദ്ധാരണത്തിനായി 14,80,000/- രൂപ വീതം എസ്റ്റിമേറ്റ് പ്രകാരം മൈനർ ഇറിഗേഷൻ വകുപ്പിന് നൽകുകയുണ്ടായി. കന്നുകുഴി തോടിന്റെ പുനരുദ്ധാരണത്തിനായി നൽകിയ തുകയിൽ പൂർത്തീകരണ വിനിയോഗസാക്ഷ്യപത്രം പ്രകാരം 14-11-18 ൽ പ്രവൃത്തി പൂർത്തീകരിച്ചതായും 11,06,570/- രൂപ ചെലവഴിച്ചതിന് ശേഷം 3,73,430/- രൂപ അധികം ഫണ്ട് നിൽക്കുന്നതായും അറിയിച്ചിരുന്നു. കൂടാതെ തറയിൽ തോട്, ചെറുതോട് എന്നിവയുടെ പുനരുദ്ധാരണപ്രവൃത്തികളും 14-11-18 ൽ പൂർത്തിയാക്കുകയും 12,64,944/- രൂപ ചെലവഴിച്ചതിന് ശേഷം ബാലൻസ് തുക 2,15,056/- രൂപ മൈനർ ഇറിഗേഷൻ വകുപ്പിൽ അവശേഷിക്കുന്നു. മേൽപറഞ്ഞ രണ്ടുപ്രവൃത്തികളിലുമായി 5,88,486/-രൂപ മൈനർ ഇറിഗേഷൻ വകുപ്പിന്റെ പക്കൽ അധികമായി നിൽക്കുന്നത് ഈടാക്കി NruM അക്കൗണ്ടിലൊടുക്കേണ്ടതും തുകയുടെ വിനിയോഗമാർഗ്ഗരേഖ പാലിച്ച് ഇതേ മേഖലയിൽ തന്നെ ഫലപ്രദമായി വിനിയോഗിക്കേണ്ടതുമാണ്.

**(5) വിവിധറോഡുകളുടെ നിർമ്മാണം – ടെൻഡർ ഡിഡക്ഷൻ കുറവ് ചെയ്യാതെ അധികം തുക NruM ഫണ്ടിൽ നിന്നും പിൻവലിച്ചു**

ക്രമനം 13 പ്രകാരം വിവിധ വാർഡുകളിലെ 23റോഡുകളുടെ നിർമ്മാണത്തിനായി ആദ്യഗഡുവായി 52,16,227/-രൂപ ചെലവഴിച്ചിരുന്നു. ഇതിൽ മൂന്നുപ്ലാക്കൽ പാറയിൽ റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിയ്ക്ക് ടെൻഡർ ക്ഷണിക്കുകയും മാണി കുരുവിള എന്ന കരാറുകാരന് പ്രവൃത്തി ഏൽപ്പിച്ച് നൽകുകയും ചെയ്തിരുന്നു. എംബുക്ക് പ്രകാരമുള്ള വേലമൂല്യമായ 2,60,476/- രൂപയിൽ നിന്ന് ടെൻഡർ ഡിഡക്ഷൻ കുറവ് ചെയ്ത് 2,11,767/- രൂപ കണക്കാക്കി ഫണ്ട് പിൻവലിക്കേണ്ടതിന് പകരം 2,60,476/-രൂപയാണ് NruM ഫണ്ടിൽ നിന്നും പിൻവലിച്ചത്. കരാറുകാരന് നൽകിയ തുക കൃത്യമായിരുന്നുവെങ്കിലും അധികമായി NRuMഫണ്ടിൽ നിന്നും പിൻവലിച്ച തുക അസി.എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ (SBI A/c നം 37681100198) സൂക്ഷിക്കുന്നതായി കാണുന്നു. NruMഫണ്ടിൽ നിന്നും അധികമായി പിൻവലിച്ച 48709രൂപ NruMഫണ്ടിൽ തിരികെ അടയ്ക്കേണ്ടതാണ്.

**ഓഡിറ്റ് നിഗമനങ്ങൾ / ശുപാർശകൾ**

പുതുപ്പള്ളി – മണർകാട് റർബൻ ക്ലസ്റ്ററിൽ ഉൾപ്പെടുക വഴി ഗ്രാമപഞ്ചായത്തിന്റെ പരിമിതമായ വിഭവശേഷികൊണ്ട് ഏറ്റെടുക്കാൻ കഴിയാത്ത വിധത്തിലുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനും അധിക തുക സമാഹരിക്കുന്നതിനും കഴിഞ്ഞത് മൂലം ഗ്രാമപഞ്ചായത്തിന് പൗരധർമ്മ പ്രദാനമായ ചുമതലകൾ നിർവഹിക്കുന്നതിനുള്ള ശേഷി വർദ്ധിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള ഉദ്യോഗസ്ഥ സംവിധാനവും മനുഷ്യശേഷിയും പരമാവധി പ്രയോജനപ്പെടുത്തി വിവിധങ്ങളായ പ്രോജക്ടുകളുടെ നടത്തിപ്പിലും മോണിറ്ററിംഗിലും കൂടുതൽ കാര്യക്ഷമത കൈവരിച്ചാൽ മാത്രമെ പാഴ്ചെലവുകൾ ഒഴിവാക്കുന്നതിനും ലക്ഷ്യമിട്ട ഭൗതിക ലക്ഷ്യങ്ങൾ പൂർണ്ണമായും കൈവരിക്കുന്നതിനും സാധിക്കൂ. ഭീമമായ തുകകൾ വിവിധങ്ങളായ നിർവഹണ ഏജൻസികളിലേക്ക് നിക്ഷേപിക്കപ്പെട്ടിട്ടുണ്ടെങ്കിലും പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിലും നിക്ഷേപിക്കപ്പെട്ട തുകയ്ക്ക് അനുസൃതമായ മൂല്യത്തിലുള്ള

പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ടോയെന്ന് മോണിറ്ററിംഗിലൂടെ ഉറപ്പ് വരുത്തുന്നതിലും ഗ്രാമപഞ്ചായത്ത് വിജയിച്ചിട്ടില്ല. വിവിധങ്ങളായ പ്രോജക്ടുകളുടെ നിർവഹണത്തിൽ ഫലപ്രദമായ ഏകോപനം, സുതാര്യത, ഫലപ്രാപ്തി എന്നിവ ഉറപ്പ് വരുത്തുന്നതിലും അനുവദിക്കപ്പെട്ട ഫണ്ട് പൂർണ്ണമായി നേടിയെടുക്കുന്നതിനും പഞ്ചായത്ത് ഭരണസമിതി ജാഗ്രതാപൂർണ്ണമായ സമീപനം പുലർത്തേണ്ടതാണ്. മേൽ പരാമർശിച്ച ന്യൂനതകളിന്മേലുള്ള രേഖാമൂലമുള്ള വിശദീകരണം, പ്രോജക്ടുകളുടെ പൂർത്തീകരണം/ഫലപ്രാപ്തി സംബന്ധിച്ച കാലിക സ്ഥിതിവിവര റിപ്പോർട്ട് എന്നിവ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

### 1-21 ജനപ്രതിനിധികളുടെ യാത്രാബത്ത -അർഹമായ കാലാവധിയ്ക്ക് ശേഷം മാറി നൽകി

വൗച്ചർ നം.21800114 തീ 11.5.2018 തുക -42154/-

വൗച്ചർ നം.21800113 തീ 11.5.2018 തുക -5620/-

വൗച്ചർ നം.21800 112 തീ 11.5.18 തുക -6800/-

ചെക്ക് നം. 599389 തീ 11.5.18

2015 ഡിസംബർ മുതൽ 2018 മാർച്ച് വരെ പുതുപ്പള്ളി ഗ്രാമപഞ്ചായത്തിലെ ഭരണസമിതി അംഗങ്ങൾ വിവിധ സ്ഥലങ്ങളിൽ പഞ്ചായത്തിന്റെ ആവശ്യത്തിനായി യാത്ര ചെയ്ത വകയിൽ 54574/രൂപ യാത്രാബത്തയിനത്തിൽ നൽകിയിട്ടുണ്ട്. ജനപ്രതിനിധികൾ യാത്രാഡയറി നൽകിയത് 3/2018 ൽ മാത്രമാണ്. എല്ലാവരുടെയും യാത്രാഡയറിയിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 53(ബി)(6) പ്രകാരം അർഹമായ

തീയതി മുതൽ അതായത് യാത്ര നടത്തിയതിന്റെ തൊട്ടടുത്തമാസം ഒന്നാംതീയതി മുതൽ ഒരുവർഷത്തിനകം യാത്രാബത്തയ്ക്ക് അവകാശപ്പെട്ടിരിക്കണം. കെ.എസ്.ആർ.വോള്യം 1, പാർട്ട് 2, ചട്ടം 5എ പ്രകാരം അർഹമായ തീയതി മുതൽ രണ്ട് വർഷത്തിനകം ബിൽ തുക മാറിയിരിക്കണമെന്നും വ്യവസ്ഥചെയ്യുന്നു. രണ്ട് വർഷത്തിനുശേഷം സർക്കാരിന്റെ പ്രത്യേക അനുമതിയുണ്ടെങ്കിലേ തുക മാറാനാവൂ. (കേരള ഫിനാൻഷ്യൽ കോഡ്, ആർട്ടിക്കിൾ 56(ബി2)). എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം പ്രത്യേക അനുമതിയില്ലാതെയാണ് ജനപ്രതിനിധികൾക്ക് യാത്രാബത്ത നൽകിയിരിക്കുന്നത്. ആയതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 3)ന് മറുപടിയായി ജനപ്രതിനിധികളുടെ യാത്രാബത്ത അനുവദിച്ച് നൽകിയതിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരുന്നു. രണ്ട് വർഷത്തിനു ശേഷം കൈപ്പറ്റിയ യാത്രാബത്തയുടെ വിവരം ചുവടെ ചേർക്കുന്നു.

| ജനപ്രതിനിധിയുടെ പേര്, വാർഡ് നം. | ഡിസംബർ 2015 | ജനുവരി 2016 | ഫെബ്രുവരി 2016 | മാർച്ച് 2016 | ആകെ തുക |
|---|---|---|---|---|---|
| ഏലിയാമ്മ എ. ഇസഡ്, വാർഡ് 14 | 320 | --- | ---- | 1930 | 2250 |
| ജിതിൻ ജോർജ്, വാർഡ് 4 | 34 | --- | --- | --- | 34 |
| ലതാമോഹൻ, വാർഡ് 17 | -- | -- | -- | 2600 | 2600 |
| ജെസ്സി ബെൻസി, വാർഡ് 7 | ---- | ---- | --- | 320 | 320 |

| | | | | | |
|---|---|---|---|---|---|
| ഉഷപ്രസന്നൻ, വാർഡ് 8 | ---- | --- | --- | 2250 | 2250 |
| ശാന്തമ്മ തോമസ്, വാർഡ്2 | --- | --- | --- | 2250 | 2250 |
| വൽസമ്മ മാണി<br>വാർഡ് 15 | | 320 | 160 | 960 | 1440 |
| **ആകെ** | | | | | **11144** |

അർഹമായ തീയതി മുതൽ 2 വർഷത്തിനുശേഷം മാറിയ യാത്രാബത്ത ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ചട്ടവിരുദ്ധമായി തുക പണമാക്കിയ നടപടി സർക്കാരിൽ നിന്നും മാപ്പാക്കി ലഭിക്കാത്ത പക്ഷം ഇപ്രകാരം നൽകിയ യാത്രാബത്ത തുക കൈപ്പറ്റിയ ജനപ്രതിനിധികളിൽ നിന്നോ അല്ലാത്തപക്ഷം യാത്രാബത്ത അർഹമായ കാലാവധിയ്ക്ക് ശേഷം അനുവദിച്ച് നൽകിയ സെക്ഷൻക്ലാർക്ക് ജോൺസൺ.ജെ, മേൽ പരിശോധന നടത്തിയ അക്കൗണ്ടന്റ് മധു.ഡി, അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. വിനു മാത്യൂസ്, സെക്രട്ടറി സുഗതൻ റ്റി.എം എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## I-22 ക്ഷമതയുള്ള അധികാര സ്ഥാനത്തുനിന്നും സാങ്കേതിക അനുമതി വാങ്ങാതെ കെട്ടിട നിർമ്മാണം.

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള സ്ഥലത്ത് മിനി സിവിൽ സ്റ്റേഷൻ പണിയുന്നതിന് 3.42 കോടി അടങ്കലുള്ള പ്രോജക്ട് തയ്യാറാക്കി ഭരണാനുമതിയും, ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരവും വാങ്ങിയിട്ടുണ്ട്. പഞ്ചായത്ത് ഓഫീസുൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരുക എന്ന ലക്ഷ്യത്തോടെ ആസൂത്രണം ചെയ്ത ജനപക്ഷ പദ്ധതിയാണിത്. 1കോടി രൂപ

സ്ഥലം എം എൽ എ യുടെ പ്രാദേശിക വികസന ഫണ്ടും 2.42 കോടി രൂപ വായ്പയും ഉൾപ്പെടുത്തിയാണ് പ്രോജക്ട് തയ്യാറാക്കിയത്.

പഞ്ചായത്തിന്റെ പരിപൂർണ്ണ ഉടമസ്ഥതയിലുള്ള കെട്ടിടമായതിനാൽ പ്രാരംഭ പ്രവർത്തനങ്ങൾ നടത്തേണ്ടതും, വിവിധ ഫണ്ടുകളുടെ ഏകോപനം നടത്തേണ്ടതും പഞ്ചായത്ത് നിയന്ത്രണത്തിലായിരുന്നു. നിലവിൽ ലഭ്യമായ 1കോടി രൂപക്കുള്ള പ്രവൃത്തി നടത്തുന്നതിന് പൊതുമരാമത്ത് വകുപ്പിന് 24-1-19 ൽ 10.83 ആർ സ്ഥലം കൈമാറിയിട്ടുണ്ട്. ഈ തുകയ്ക്കുള്ള പ്രവൃത്തി നിർവ്വഹിച്ചതായി അറിയാൻ കഴിയുന്നു (പ്രാദേശിക പരിശോധനയിൽ 2 നില സ്ട്രക്ചർ നിർമ്മിച്ചിട്ടുണ്ട്). നാളിതു വരെ വായ്പ ലഭ്യമായിട്ടില്ലാത്തതിനാൽ തുടർന്നുള്ള പ്രവൃത്തി സംബന്ധിച്ച് അനിശ്ചിതത്വം തുടരുന്നു.

പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം (3.8.2) 2കോടിക്കു മുകളിൽ അടങ്കലുള്ള കെട്ടിടങ്ങൾക്ക് സാങ്കേതിക അനുമതി നൽകേണ്ടത് ചീഫ് എഞ്ചിനീയറാണ്. എന്നാൽ ഫയലിൽ സൂക്ഷിച്ചിട്ടുള്ള കെട്ടിട രൂപരേഖ പൊതുമരാമത്ത് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് എന്നതൊഴിച്ചാൽ ക്ഷമതയുള്ള അധികാര സ്ഥാനത്തു നിന്നും സാങ്കേതിക അനുമതി വാങ്ങാതെയാണ് നിർമ്മാണം നടക്കുന്നത്. 2011 ലെ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചാണ് കെട്ടിട നിർമ്മാണം നടക്കുന്നത് എന്ന് സെക്രട്ടറി ഉറപ്പു വരുത്താതെ പഞ്ചായത്തിന് സ്വന്തം കെട്ടിടനിർമ്മാണം പോലും ആരംഭിക്കാവുന്നതല്ല. എന്നാൽ സെക്രട്ടറി ഇക്കാര്യത്തിൽ ആവശ്യമായ പരിശോധനകൾ നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

കെട്ടിട രൂപരേഖ സ്വകാര്യ ഏജൻസി തയ്യാറാക്കിയത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ പോലും ആയത് പരിശോധിച്ച് അംഗീകരിക്കുകയോ

ഏജൻസിക്ക് പ്രതിഫലം നല്കുകയോ ചെയ്തിട്ടില്ല. മണ്ണ് പരിശോധന, സ്ട്രക്ചർ ഡിസൈൻ അംഗീകാരം തുടങ്ങിയ അവശ്യ നടപടികളും സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. നിർവ്വഹണം നടത്തുന്ന പൊതുമരാമത്ത് വകുപ്പുമായി കരാർ വച്ചിരുന്നില്ല. തദ്ദേശ സ്വയംഭരണ വകുപ്പിന് സ്വന്തമായി എഞ്ചിനീയറിംഗ് വിഭാഗമുള്ളപ്പോൾ പൊതുമരാമത്ത് വകുപ്പിന് പ്രവൃത്തി ഏൽപ്പിച്ചത് ത.സ്വ.ഭ വകുപ്പിന്റെ 27-2-09 ലെ 13184/ഡി എ-1//09 സർക്കുലറിന് വിരുദ്ധമാണ്. കൂടാതെ പഞ്ചായത്തിന്റെ നിയന്ത്രണത്തിലല്ലാതെ കെട്ടിടം പണി നടത്തുന്നതിന് മറ്റൊരു വകുപ്പിന് കരാർപോലും വെക്കാതെ സ്ഥലം കൈമാറിയത് നിയമാനുസൃതമല്ല.

പഞ്ചായത്തിന് പുതിയ കെട്ടിട നിർമ്മാണം നടന്നുവരവെ തന്നെ കാലപ്പഴക്കം ചെന്നതും പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് കൈമാറാൻ ഉദ്ദേശിക്കുന്നതുമായ പഴയകെട്ടിടത്തിൽ ലക്ഷങ്ങൾ മുടക്കി നവീകരണം നടത്തുന്നത് പഞ്ചായത്തിന്റെ സാമ്പത്തിക താൽപര്യം സംരക്ഷിക്കുന്നതല്ല (പഞ്ചായത്താവശ്യത്തിനായി ചെയ്ത പ്രവൃത്തികൾ പൊളിച്ചു നീക്കി ആരോഗ്യ കേന്ദ്രത്തിന് ഉതകുന്നവിധമുള്ള പരിഷ്കാരങ്ങൾ ആവശ്യമായി വരും ).

അപാകതകളിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയിട്ടില്ല. ഭരണസമിതി വിഷയം പരിശോധിക്കേണ്ടതും കെട്ടിട നിർമ്മാണം പഞ്ചായത്ത് നിയന്ത്രണത്തിലും മേൽനോട്ടത്തിലും നടത്തേണ്ടതുമാണ്. യഥാസ്ഥാനത്തു നിന്നുള്ള സാങ്കേതിക അനുമതി വാങ്ങാതെയും കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാതെയും നിലവിൽ നിർമ്മിച്ചിട്ടുള്ള കെട്ടിടം ക്ഷമതയുള്ള സാങ്കേതിക സമിതിയെകൊണ്ട് പരിശോധിപ്പിച്ച് ഉറപ്പു വരുത്തി മാത്രം ഉപയോഗക്ഷമമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## I-23 ആറാട്ടു ചിറ കുടിവെള്ള പദ്ധതി-ഫണ്ട് ലഭ്യത ഉറപ്പു വരുത്തിയിട്ടില്ല

ആറാട്ടുചിറ കുടിവെള്ള പദ്ധതിക്ക് പ്രോജക്റ്റ് നമ്പർ 145/18-19 പ്രകാരം തനത് ഫണ്ട് 499813/- രൂ ചെലവഴിച്ച് കുളം നിർമ്മാണം നടത്തിയിട്ടുണ്ട്. ടാങ്ക് നിർമ്മാണം, കുളം നിർമ്മാണം എന്നിവയ്ക്ക് സ്ഥലം സറണ്ടർ ചെയ്ത് ലഭിച്ചിട്ടുണ്ടെങ്കിലും ആയത് പഞ്ചായത്തിന്റെ പേരിൽ ചേർത്ത് ആസ്തിയിലുൾപ്പെടുത്തിയിട്ടില്ല. കുടിവെള്ള പദ്ധതിയുടെ വിശദമായ രൂപരേഖ, അടങ്കൽ എന്നിവ തയ്യാറാക്കിയിട്ടില്ല. കുളത്തിന് സ്ഥലം വിട്ട് നല്കിയ ശ്രീ അനീഷ് മാത്യു 2017 ഫെബ്രുവരി മാസത്തിൽ പഞ്ചായത്തുമായി വച്ച കരാർ പ്രകാരം 3 വർഷത്തിനുള്ളിൽ നടപ്പാക്കിയില്ലെങ്കിൽ സ്ഥലം തിരികെ നല്കണമെന്നും കുടിവെള്ള പദ്ധതി 5ാം വാർഡിന് മാത്രമായിരിക്കണമെന്നും വ്യവസ്ഥ വച്ചിരുന്നു. വ്യവസ്ഥകളോടെ പഞ്ചായത്തിന് ലഭിച്ച സ്ഥലത്തിന്റെ ഉടമസ്ഥത നിരാക്ഷേപമായി ഗ്രാമപഞ്ചായത്തിന് ലഭിച്ചു എന്ന് ഉറപ്പു വരുത്തിയതിന് ശേഷം മാത്രമേ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാമായിരുന്നുള്ളൂ. എന്നാൽ ഇക്കാര്യം ഉറപ്പു വരുത്താതെ കുളം നിർമ്മാണത്തിനായി 4.99 ലക്ഷം രൂപാ ചെലവഴിച്ചു. ടി നടപടി ക്രമപ്രകാരമല്ല.

4.99 ലക്ഷം മുടക്കിയ പദ്ധതിയുടെ പൂർത്തീകരണത്തിന് ഫണ്ട് ലഭ്യത ഉറപ്പു വരുത്തിയിട്ടില്ല. കൂടാതെ പമ്പിംഗ്, വിതരണ പൈപ്പുകളുടെ വിശദവിവരം ടാങ്ക് നിർമ്മാണം പമ്പ് ഹൗസ് വൈദ്യുതീകരണം തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തിയ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. ജില്ലാ,ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ ഉൾപ്പെടുത്തി പൂർത്തീകരിക്കാനുദ്ദേശിക്കുന്ന പദ്ധതിക്ക് ഓരോ സ്ഥാപനവും വകയിരുത്തേണ്ട തുക സംബന്ധിച്ചും വ്യക്തത ഇല്ല. വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കിയും വിട്ടു കിട്ടിയ സ്ഥലം പഞ്ചായത്തിന്റെ ആസ്തിയിൽ ചേർത്തും തുടർ പ്രവൃത്തികൾ നിർവ്വഹിക്കേണ്ടതാണ്. പദ്ധതി പൂർത്തീകരണത്തിന് ഫണ്ട് ലഭ്യത ഉറപ്പാക്കിയിട്ടില്ലാത്തതിനാലും പ്രോജക്റ്റ് ലക്ഷ്യം കൈവരിക്കാതെ

അനിശ്ചിതത്വത്തിൽ തുടരുന്നതിനാലും ഈ ഇനത്തിലുള്ള 499813/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ വിവരം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

### I-24 അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ആവശ്യാധിഷ്ഠിതമല്ലാതെ അക്കൗണ്ട് ആരംഭിച്ചു

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ 2-5-18 മുതൽ എസ്ബിഐയിൽ പുതിയ അക്കൗണ്ട് ആരംഭിച്ചിരുന്നു (അക്കൗണ്ട് നം 37681100198). പ്രസ്തുത അക്കൗണ്ടിൽ തനത്ഫണ്ടിൽ നിന്നുള്ള വർക്കുകളുടെ റിക്വിസിഷൻ പ്രകാരമുള്ള തുകകളും റർബൻ മിഷൻ ഫണ്ട് മുഖേനയുള്ള പ്രോജക്ടുകളുടെ ചെലവുതുകകളും നിക്ഷേപിക്കുകയും ടി അക്കൗണ്ടിൽ നിന്നും ചെക്കുകൾ പ്രകാരം കരാറുകാർക്ക് തുക നൽകുകയും ചെയ്തു വരുന്നു. ഈ രീതിയിൽ ഒരു അക്കൗണ്ട് ആരംഭിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമല്ല. ബില്ലിൽ നിന്നും നൽകേണ്ട വർക്കേഴ്സ് വെൽഫയർ ഫണ്ട്, ഇൻകം ടാക്സ് എന്നിവ അതാത് സ്ഥാപനങ്ങൾക്ക് ഒടുക്കാതെ ടി അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. ഇൻകം ടാക്സ് തുകകൾ അടച്ചതായി അറിയിച്ചിരുന്നുവെങ്കിലും 2,85,531/- രൂപ വർക്കേഴ്സ് വെൽഫയർ ഫണ്ട് ഇനത്തിൽ തുകകൾ ടി അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. ഇപ്രകാരം ബിൽ തുക മാറി ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല. വർക്കേഴ്സ് വെൽഫയർ ഫണ്ട് തുകകൾ സംസ്ഥാന വെൽഫയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ടി അക്കൗണ്ടിൽ 27-10-19 ൽ 4,55, 774.28/- അവശേഷിക്കുന്നു. ടി തുക ബന്ധപ്പെട്ട ഏജൻസികൾക്ക് നൽകാനുള്ളവ കണക്കാക്കി കൃത്യമായി നൽകി ബാക്കി വരുന്ന തുക തനത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. മറ്റ് തുകകൾ കണക്കാക്കി അതാത് അക്കൗണ്ടുകളിലേക്ക് ഒടുക്കേണ്ടതും ടി അക്കൗണ്ട് ഇ-ടെൻഡർ ഫീസുകൾ ലഭ്യമാക്കുന്നതിനായി പ്രയോജനപ്പെടുത്താമെന്നുള്ളതിനാൽ ഗ്രാമപഞ്ചായത്തിന്റെ വാർഷികകണക്കുകളിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

## I-25 നിരപ്പാക്കിയ പ്രതലത്തിൽ ഫില്ലിംഗിന് തുക ചെലവഴിച്ചത് അംഗീകരിക്കുന്നില്ല

പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ള റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ ഇനം 1 ആയി പ്രതലം നിരപ്പാക്കുന്ന പ്രവൃത്തിയും 2 ആയി ക്വാറി മക്ക് ഉപയോഗിച്ച് 5മുതൽ 7.5 സെന്റീ മീറ്റർ വരെ കനത്തിൽ ഫില്ലിംഗും ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഡി എസ് ആർ സ്പെസിഫിക്കേഷൻ 2009, 25-1 പ്രകാരം സർഫസ് ഡ്രസിംഗ് പ്രവൃത്തിയിൽ ഗ്രൗണ്ടിലെ ഉയർന്ന പ്രദേശങ്ങൾ മണ്ണ് നീക്കിയും താഴ്ന്ന പ്രദേശങ്ങൾ ഫില്ല് ചെയ്തും വൃത്തിയായ പ്രതലം സൃഷ്ടിക്കുന്നു. രണ്ടാമത്തെ ഇനത്തിൽ താഴ്ന്നതും വെള്ളക്കെട്ടുള്ളതുമായ സ്ഥലത്ത് CBR മൂല്യം ഉയർത്തുന്നതിന് ക്വാറി മക്ക് ഉപയോഗിച്ച് ഫില്ലിംഗ് നടത്തുന്നു. ഇനം1 പ്രകാരം വൃത്തിയായി ലവൽ ചെയ്ത സ്ഥലത്ത് രണ്ടാമത്തെ പ്രവൃത്തി ചെയ്യാനുള്ള കാരണം വ്യക്തമായിട്ടില്ല. അപാകതയിലുള്ള വിശദീകരണമായി 1:2:4 കോൺക്രീറ്റ് മിക്സ് നേരിട്ട് മൺ പ്രതലത്തിൽ ചെയ്യുന്നത് അനുചിതമായതിനാലാണ് ഇത്തരത്തിൽ ക്വാറി മക്ക് ഉപയോഗിച്ച് ബേസ് കോഴ്സ് എന്നറിയിച്ചിട്ടുണ്ട്. എന്നാൽ കോട്ടയം ജില്ലയിൽ തന്നെ മറ്റ് പ്രദേശങ്ങളിൽ ഈ ആവശ്യത്തിന് ച.മീ ന് 30 രൂപയിൽ താഴെ മാത്രം ചെലവ് വരുന്ന 6 എം എം മെറ്റൽ ഉപയോഗിച്ചുള്ള 10 എം എം കനം ഇൻസുലേഷൻ ലയർ ആണ് നല്കുന്നത്. കൂടാതെ ഫില്ലിംഗ് പ്രവൃത്തി നടത്തുമ്പോൾ പ്രതലം നിരപ്പാക്കുന്നതിന് പ്രോവിഷൻ നല്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ അളവ് കുറവ് ചെയ്യാറുണ്ട്. പഞ്ചായത്തിൽ നിലവിൽ ചെയ്തു വരുന്ന പ്രവൃത്തി അധികച്ചെലവ് വരുന്നതാണെന്ന് വിലയിരുത്തുന്നു. വിഷയം എഞ്ചിനീയറിംഗ് വിഭാഗം പുനപരിശോധിക്കേണ്ടതും നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## I-26 ബാലസഭ -മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം തുക ചെലവഴിച്ചു

തദ്ദേശഭരണ സ്ഥാപനങ്ങളിലെ ബാലസഭ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന്,

ഗ്രാമ പഞ്ചായത്ത് തലത്തിൽ 40,000/- രൂപയിൽ അധികരിക്കാത്ത തുക ചെലവഴിക്കാവുന്നതാണെന്ന് സബ്സിഡി മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ ഓഡിറ്റ് വർഷത്തിൽ ബാലസഭ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് 1,00,000/- രൂപ അടങ്കലായി പദ്ധതിക്ക് അംഗീകാരം നൽകുകയും, 1,00,000/- രൂപ കുടുംബശ്രീ സിഡിഎസ് അക്കൗണ്ടിലേയ്ക്ക് മാറ്റിനൽകുകയും ചെയ്തിരുന്നു. ഗ്രാമ പഞ്ചായത്ത് തലത്തിൽ 40,000/- രൂപയിൽ അധികരിക്കാത്ത തുക ചെലവഴിക്കാവുന്നതാണെന്ന മാർഗ്ഗരേഖയിലെ വ്യവസ്ഥ നിലനിൽക്കെ, 1,00,000/- രൂപ സിഡിഎസ് അക്കൗണ്ടിലേക്ക് മാറ്റിനൽകിയ സാഹചര്യം വ്യക്തമല്ല. 27-12-18 മുതൽ 30-12-18 വരെയും 18-5-19 ലും ബാലസഭ കുട്ടികൾക്കുവേണ്ടി ഗ്രാമപഞ്ചായത്ത് തലത്തിൽ സംഘടിപ്പിച്ച ശിൽപ്പശാല/ പരിശീലന ക്യാമ്പുകളോടനുബന്ധിച്ച് ഭക്ഷണത്തിനായി 47500/- ചെലവഴിച്ചതായി കാണുന്നു. വാർഡ് തലത്തിൽ പ്രവർത്തനങ്ങളൊന്നും തന്നെ നടന്നിരുന്നില്ല. ഗ്രാമപഞ്ചായത്ത് തലത്തിൽ 40,000/- രൂപയിൽ അധികരിക്കാത്ത തുക ചെലവഴിക്കാവുന്നതാണെന്ന് മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്യുന്നതിനാൽ, 7500/- രൂപ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികമായി ചെലവഴിച്ചു. ടി തുക 2019-20 വർഷത്തെ ബാലസഭാ പ്രവർത്തനങ്ങൾക്കായുള്ള തുകയിൽ ക്രമീകരിക്കേണ്ടതും അധികമായി പിൻവലിച്ച് സിഡിഎസ് അക്കൗണ്ടിലേക്ക് നൽകിയ 60000/-രൂപ തിരികെ ഈടാക്കി സർക്കാരിലേക്ക് അടയ്ക്കേണ്ടതുമാണ്.

## I-27 പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വാട്ടർടാങ്ക് നൽകൽ -നടപടിക്രമങ്ങളിൽ അപാകത

| | |
|---|---|
| പ്രോജക്റ്റ് നം | 20/19 പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പിവിസി വാട്ടർ ടാങ്ക് |
| അടങ്കൽ | 1,00,000/-(SCP)+ 2375(തനത് ഫണ്ട്)+34125 |

| | |
|---|---|
| | (ഗുണഭോക്തൃവിഹിതം) |
| ചെലവ് | 1,00,000/-(SCP) |
| ബിൽ നം | 21/18-19 തീയതി 28-02-19 |
| നിർവ്വഹണഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പിവിസി വാട്ടർടാങ്ക് നൽകലിനായി തയ്യാറാക്കിയ പ്രോജക്റ്റുപ്രകാരം 1,36,500/- രൂപ അടങ്കലായി തയ്യാറാക്കിയ പ്രസ്തുത പ്രോജക്റ്റിന് 25% തുകയായ 34125/- രൂപ ഗുണഭോക്തൃവിഹിതം വകയിരുത്തിയിരുന്നു. 2018-19 വർഷത്തെ സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഒരു വാട്ടർ ടാങ്കിന് പരമാവധി 3000/- രൂപ മാത്രമേ സബ്സിഡിയായി അനുവദിക്കാൻ സാധിക്കുകയുള്ളൂവെന്നും ഗുണഭോക്തൃവിഹിതം ഗ്രാമപഞ്ചായത്തിൽ അടയ്ക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ നിർവ്വഹണഉദ്യോഗസ്ഥൻ ഗുണഭോക്തൃവിഹിതം പിരിച്ചെടുത്ത് ഗ്രാമപഞ്ചായത്തിൽ അടയ്ക്കാതെ തന്നെ ടെൻഡർ നടപടിക്രമങ്ങളിൽ കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത ട്യൂബ് അസോസിയേറ്റ്സിൽ നിന്നും 39 വാട്ടർ ടാങ്കുകൾക്കായി സപ്ലൈ ഓർഡർ നൽകുകയുണ്ടായി. പ്രോജക്റ്റിൽ 25% തുക ഗുണഭോക്തൃവിഹിതമായി വകയിരുത്തിയിരുന്നതിനാൽ 3300/- രൂപ നിരക്കിലുള്ള വാട്ടർ ടാങ്കിന് സബ്സിഡിയായി 2475/- രൂപ മാത്രമേ അർഹതയുള്ളൂ. 2475/- രൂപ നിരക്കിൽ 39 വാട്ടർടാങ്കുകൾക്ക് 96525/- രൂപ നൽകേണ്ടതിന് പകരം 1,00,000/- രൂപ നൽകുകവഴി 3475/- രൂപ അധികമായി എസ് സി പി ഫണ്ടിൽ നിന്നും ചെലവഴിച്ചതായി കാണുന്നു. പ്രസ്തുത വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം25/16.11.2019)

മറുപടി ലഭ്യമായില്ല. ടി തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്.

1. **ഗുണഭോക്തൃവിഹിതം ഈടാക്കാതെ വാട്ടർ ടാങ്ക് വിതരണം**

വാട്ടർടാങ്ക് വിതരണം ചെയ്ത ശ്രീ. കെ.റ്റി. രാജു, ശ്രീ. റ്റി.സി മാണി എന്നിവർ ഗുണഭോക്തൃവിഹിതമായി 875/-രൂപ വീതം ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിരുന്നില്ല. കൂടാതെ സണ്ണി കുട്ടപ്പൻ എന്നയാൾ 875/-രൂപ ഒടുക്കുന്നതിന് പകരം 500/- രൂപ മാത്രമാണ് ഒടുക്കിയത്. ഗുണഭോക്തൃവിഹിതമിനത്തിൽ കുറവ് വന്ന 875x2+375=2125/- പ്രസ്തുത ഗുണഭോക്താക്കളിൽ നിന്നോ തുക ഈടാക്കാതെ ടാങ്ക് വിതരണം നടത്തിയ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ഗ്രാമപഞ്ചായത്തിലടയ്ക്കേണ്ടതാണ്.

2. **വാട്ടർടാങ്കുകൾ വിതരണം ചെയ്തിട്ടില്ല**

39 വാട്ടർ ടാങ്കുകൾ വാങ്ങിയതിൽ 26 എണ്ണം മാത്രമാണ് നാളിതുവരെ വിതരണം ചെയ്തിട്ടുള്ളത്. 13എണ്ണം വിതരണം ചെയ്യാതെ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്നതായി കാണുന്നു. ഗുണഭോക്തൃ പങ്കാളിത്തം ഉറപ്പാക്കാതെ പദ്ധതി നടപ്പാക്കിയത് മൂലമാണ് ഗുണഭോക്താക്കൾ ടാങ്കുകൾ വാങ്ങാത്ത സ്ഥിതി വിശേഷം ഉണ്ടായത്. ആവശ്യാധിഷ്ഠിതമല്ലാത്ത വാങ്ങലിനായി എസ് സി പി ഫണ്ട് ദുർവിനിയോഗം ചെയ്യപ്പെടുന്ന സാഹചര്യം കർശനമായി ഒഴിവാക്കപ്പെടേണ്ടതാണ്. വിതരണം ചെയ്യാത്ത 13വാട്ടർ ടാങ്കുകളുടെ വിലയായ 42,900/- (13x3300) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഗുണഭോക്തൃവിഹിതം ഈടാക്കി വാട്ടർടാങ്കുകൾ അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

### I-28 ആശ്രയ വിഹിതം- 3-ാം ഘട്ട പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചില്ല- പ്ലാൻഫണ്ട് തുക പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നു

ആശ്രയപദ്ധതി വിഹിതമായി വികസനഫണ്ടിൽ നിന്നും 4,00,000/- രൂപ (ബിൽ നം 7/2-11-18) വകയിരുത്തി പ്രോജക്റ്റ് (പ്രോ.നം. 16/19) തയ്യാറാക്കുകയും ടി തുക പിൻവലിച്ച് അഗതിരഹിതകേരളം പദ്ധതിയ്ക്കായി ആരംഭിച്ച ഇൻഡ്യൻ ഓവർസീസ് ബാങ്ക് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം 345801000002496) നിക്ഷേപിച്ചിരുന്നു. അഗതിരഹിതകേരളം പദ്ധതിക്ക് അംഗീകാരം ലഭിച്ചിരുന്നുവെങ്കിലും പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നില്ല. ആയതിനാൽ ടി തുക നാളിതുവരെ ചെലവഴിക്കാൻ സാധിച്ചില്ല. വികസനഫണ്ട് തുകകൾ ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ നിഷ്ക്രിയമായി സൂക്ഷിക്കുന്നത് ക്രമവിരുദ്ധമാണ്. തുക വിനിയോഗിച്ച് പ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ലാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 4,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അഗതിരഹിത കേരളം പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ച് തുക വിനിയോഗിച്ച് വിവരം അറിയിക്കേണ്ടതാണ്.

ആശ്രയ ആദ്യരണ്ടുഘട്ടപദ്ധതികൾക്കായി പ്ലാൻഫണ്ട് ലഭിച്ചതിൽ(3-9-19വരെ) 11,51,763/- ചെലവഴിക്കാതെ അവശേഷിക്കുന്നു. ടി തുക അഗതിരഹിതകേരളത്തിനായി ആരംഭിച്ച പുതിയ അക്കൗണ്ടിലേക്ക് മാറ്റണമെന്നുള്ള സർക്കാർ നിർദ്ദേശം പാലിച്ചിരുന്നില്ല. ആദ്യരണ്ടുഘട്ടത്തിലെയും ചലഞ്ച് ഫണ്ട്, പ്ലാൻഫണ്ട് തുകകൾ ബന്ധപ്പെട്ട അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് അഗതിരഹിതകേരളത്തിനായി ആരംഭിച്ച അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിക്കേണ്ടതാണ്.

### I-29 പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ- അപാകതകൾ

| | 19/19 പട്ടികജാതി വിദ്യാർത്ഥികൾക്ക് | 109/19 പട്ടികവർഗ്ഗ |
|---|---|---|

| | | |
|---|---|---|
| | ലാപ്ടോപ് വാങ്ങൽ | വിദ്യാർത്ഥികൾക്ക് ലാപ്ടോപ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി | |
| അടങ്കൽ | 2,50,000/(SCPfund) +20000(ownfund) | 90,000(TSP) |
| ചെലവ് | 2,50,000/(SCPfund) +17660(ownfund) Bill no 15/19-1-19 | 89220(TSP) |
| ലാപ്ടോപ്പിന്റെ എണ്ണം | 9 | 3 |
| വിതരണം ചെയ്തവ | 7 | 3 |
| ബാക്കിയുള്ളവയുടെ എണ്ണം | 2 | 0 |

ലാപ് ടോപ്പ് വാങ്ങലിനായി ടെൻഡർ ക്ഷണിച്ചതിൽ താഴെപ്പറയുന്ന രീതിയിൽ വിവിധ സ്ഥാപനങ്ങൾ നിരക്കുകൾ ക്വാട്ട് ചെയ്തിരുന്നു.

| | |
|---|---|
| ആവ്ലോൺ സിസ്റ്റംസ് | 28160/- ( with 5yr OEM warranty) |
| | |

| | |
|---|---|
| കടവിൽ ഇൻഫോടെക് | 25500/-(with3yr OEM warranty+2yr Service warranty) |
| സൺ ഇൻഫോസിസ്റ്റംസ് | 29740/- ( with 5yr OEM warranty) |

ഇതിൽ കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത 2സ്ഥാപനങ്ങളെയും പിന്തള്ളി ഏറ്റവും കൂടിയ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനമായ സൺ ഇൻഫോസിസ്റ്റംസിനെയാണ് തെരഞ്ഞെടുത്തത്. പുതുപ്പള്ളി ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 31-10-18ലെ 1(5) നം തീരുമാനപ്രകാരം ഏറ്റവും കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനം സൺ ഇൻഫോസിസ്റ്റംസാണെന്നും ആയതിനാൽ ടി സ്ഥാപനത്തെ തിരഞ്ഞെടുക്കുന്നതായും രേഖപ്പെടുത്തിയിരുന്നു. ഇത് വസ്തുതാവിരുദ്ധമാണ്. കൂടിയ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തെ തിരഞ്ഞെടുക്കുക വഴി സർക്കാർ ഫണ്ടിന് ലാപ് ടോപ്പ് ഒന്നിന് 4240/- രൂപ നിരക്കിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം23/16.11.209)മറുപടി ലഭ്യമാക്കിയില്ല. ഇപ്രകാരം കൂടിയ ടെൻഡർ അംഗീകരിക്കുക വഴി സർക്കാർ ഫണ്ടിന് നഷ്ടമായ തുക ഉത്തരവാദിയായ നിർവ്വഹണഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ആവശ്യാധിഷ്ഠിതമല്ലാതെ വാങ്ങൽ നടത്തിയതിനാൽ രണ്ട് ലാപ്ടോപ്പുകൾ ഓഡിറ്റ് തീയതി വരെ വിതരണം ചെയ്തിട്ടില്ല. ആവശ്യാധിഷ്ഠിതമല്ലാത്ത വാങ്ങലിനായി എസ് സി പി ഫണ്ട് ദുർവിനിയോഗം ചെയ്യുന്നത് കർശനമായി ഒഴിവാക്കേണ്ടതാണ്. പട്ടികജാതി വിദ്യാർത്ഥികൾക്ക് വാങ്ങിയ ലാപ്ടോപ്പുകളിൽ രണ്ടെണ്ണം നാളിതുവരെ വിതരണം ചെയ്യാതിരുന്നതിനാൽ 2 ലാപ്ടോപ്പുകളുടെ വിലയായ 59480/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-30 ഭവനം വാസയോഗ്യമാക്കൽ (പട്ടികജാതി)- മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താവ് പണി

**പൂർത്തിയാക്കിയില്ല**

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പ്രോജക്ട് നം. 18/19 ഭവനം വാസയോഗ്യമാക്കൽ എന്ന പ്രോജക്റ്റ് പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട 17 ഗുണഭോക്താക്കൾക്ക് 1,50,000/- രൂപ വീതം നൽകാനായിരുന്ന പദ്ധതി തയ്യാറാക്കിയിരുന്നത്. ശ്രീമതി രജനി.എൻ.കെ എന്നയാൾക്ക് 50,000/- രൂപ മുൻകൂർ നൽകിയിരുന്നു. എന്നാൽ നാളിതുവരെ ടിയാൾ മെയിന്റനൻസ് വർക്കുകൾ പൂർത്തീകരിച്ച് മുഴുവൻ തുക കൈപ്പറ്റിയിരുന്നില്ല. ടിയാൾ മെയിന്റനൻസ് വർക്കുകൾ പൂർത്തീകരിക്കാത്ത പക്ഷം മുൻകൂർ നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## I-31 അക്ഷയോർജ്ജ ഉപകരണങ്ങളുടെ വിതരണം-സൗരറാന്തൽ -നടപടിക്രമങ്ങളിൽ ഗുരുതര പിഴവ്

| | |
|---|---|
| പ്രോജക്റ്റ് നം | 153/19പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് അക്ഷയോർജ്ജ ഉപകരണങ്ങളുടെ വിതരണം |
| അടങ്കൽ | 1,02,000/-(SCP)+1,02,000(ഗുണ.വിഹിതം) |
| ചെലവ് | 1,02,000/-(SCP) (Bill No 20/18-3-19) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

പ്രോജക്ട് നം. 153/19 പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് അക്ഷയോർജ്ജ ഉപകരണങ്ങളുടെ വിതരണത്തിന് വികസനഫണ്ട് വിഹിതം 1,02,000/- രൂപയും ഗുണഭോക്തൃവിഹിതം 1,02,000/- രൂപയും(50%) അടങ്കലായി തയ്യാറാക്കിയ പ്രോജക്റ്റിന് ഡിപിസി അംഗീകാരം ലഭിച്ചിരുന്നു. ടെൻഡർ ക്ഷണിക്കുകയും അമ്മിണി സിസ്റ്റംസ് എന്ന

സ്ഥാപനത്തിൽ നിന്നും 3500/- രൂപ നിരക്കിൽ 32 സൗരറാന്തലുകൾ വാങ്ങുന്നതിനായി 1,02,000/- രൂപ (SCPഫണ്ട്) ചെലവഴിക്കുകയും ചെയ്തു. (ബാക്കി നൽകാനുള്ള തുക10,000/-). എന്നാൽ നിർവ്വഹണത്തിന്റെ ഭാഗമായി ഗുണഭോക്തൃവിഹിതം ഈടാക്കി ഗ്രാമപഞ്ചായത്തിൽ അടച്ചിരുന്നില്ല. അംഗീകാരം ലഭിച്ച പ്രോജക്റ്റ് പ്രകാരം 50% ഗുണഭോക്തൃവിഹിതമായി ഗ്രാമപഞ്ചായത്തിൽ അടയ്ക്കേണ്ടിയിരുന്നു. അതായത് 1750/- രൂപ വീതം അടയ്ക്കേണ്ടിയിരുന്നു. എന്നാൽ നിർവ്വഹണോദ്യോഗസ്ഥൻ സൗരറാന്തലുകൾ വിതരണം ചെയ്തതിനൊപ്പം വാങ്ങിയത് 350/- (10%)രൂപ മാത്രമാണ്. പദ്ധതി മാർഗ്ഗരേഖ പ്രകാരം 90% സബ്സിഡി നൽകാമെന്നിരിക്കിലും പദ്ധതിക്ക് ഡിപിസി അംഗീകാരം ലഭിച്ചത് 50% സബ്സിഡി നൽകുന്നതിനാണ്. ഡിപിസി അംഗീകാരത്തിന് വിരുദ്ധമായി പ്രോജക്റ്റ് നിർവ്വഹണം നടത്തിയ നടപടി വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം27/16.11.2019)മറുപടി ലഭ്യമായിരുന്നില്ല. പ്രോജക്റ്റ് ഡാറ്റാ എൻട്രി നടത്തിയതിൽ വന്ന പിശകാണ് എന്ന് നിർവ്വഹണോദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. ടി വിഷയത്തിൽ സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാകാത്ത പക്ഷം 50% ലധികം നൽകിയ സബ്സിഡി തുക നിർവ്വഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയായി മാറുന്നതാണ്.

2) 32 സൗരറാന്തലുകൾ വാങ്ങിയതിൽ 17 എണ്ണം മാത്രമാണ് വിതരണം ചെയ്തത്. ബാക്കി 15സൗരറാന്തലുകളും ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുകയാണ്. ഗുണഭോക്തൃ പങ്കാളിത്തം ഉറപ്പാക്കാതെ പദ്ധതി നടപ്പാക്കിയത് മൂലമാണ് ഗുണഭോക്താക്കൾ സൗരറാന്തലുകൾ വാങ്ങാത്ത സ്ഥിതിവിശേഷം ഉണ്ടായത്. ആവശ്യാധിഷ്ഠിതമല്ലാതെയുള്ള വാങ്ങലിനായി എസ് സി പി ഫണ്ട് ദുർവിനിയോഗം ചെയ്തതായി ഓഡിറ്റ് വിലയിരുത്തുന്നു.

3) 32 സൗരറാന്തലുകൾക്ക് 3500/- രൂപ നിരക്കിൽ ആകെ വിലയായ 1,12,000/- രൂപയിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള 90% സബ്സിഡി അനുവദിച്ചാലും 1,00,800/- രൂപ മാത്രമേ വികസനഫണ്ടിൽ നിന്നും ചെലവഴിക്കാൻ സാധിക്കൂ എന്നിരിക്കെ 1,02,000/- രൂപ ചെലവഴിച്ചിരുന്നു. അധികമായി ചെലവഴിച്ച 1200/- രൂപ സർക്കാരിലേക്ക് തിരികെ അടയ്ക്കേണ്ടതാണ്.

4) പ്രസ്തുത പ്രോജക്റ്റിനായി തയ്യാറാക്കിയ ഗുണഭോക്തൃലിസ്റ്റിൽ നിന്നല്ല സൗരറാന്തലുകൾ വിതരണം ചെയ്തത്. വിതരണം ചെയ്ത 12ഗുണഭോക്താക്കൾ ലിസ്റ്റിന് പുറത്തുള്ളവരാണ്.
മേൽപറഞ്ഞ അപാകതകൾ നിലനിൽക്കുന്നതിനാൽ ഈയിനത്തിൽ ചെലവഴിച്ച 1,02,000/- രൂപയിൽ തിരിച്ചടയ്ക്കാനുള്ള 1200/- ഒഴികെയുള്ള തുകയായ 100800/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## I-32 ന്യായമല്ലാത്ത കാരണങ്ങൾ നിരത്തി കുറവുതുക രേഖപ്പെടുത്തിയ കരാറുകാരനെ ഒഴിവാക്കി

2018-19 വർഷം ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി 308820/-രൂപ ചെലവഴിച്ച് നടപ്പിലാക്കിയതാണ് കൈമാറിക്കിട്ടിയ സ്കൂളുകൾക്ക് സ്മാർട് ക്ലാസ് റൂം തയ്യാറാക്കൽ എന്ന 43/2019 നമ്പർ പ്രോജക്ട് (അടങ്കൽ 4,50,000/- രൂപ). ഇതിന്റെ ചെലവായി ബിൽ നം 5/28-3-2019 പ്രകാരം 308820/- രൂപ (MGNR)ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. ടെണ്ടർ വഴി നടപ്പിലാക്കിയ പദ്ധതിക്ക് 8-2-19 ലെ 1(4) നമ്പർ പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരം കെ.എം ടെക്നോളജീസ് എന്ന ഡിസ്ട്രിബ്യൂട്ടറെയാണ് തിരഞ്ഞെടുത്തത്. 3 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചതിൽ കുറവ് രേഖപ്പെടുത്തിയ 2 സ്ഥാപനങ്ങളുടെ നിരക്ക് ചുവടെ ചേർക്കുന്നു.

| ക്ര നം | ഇനം | കരാർ ലഭിച്ച സ്ഥാപനത്തിന്റെ നിരക്ക് കെ.എം ടെക്നോളജീസ് | ഏറ്റവും കുറവ് രേഖപ്പെടുത്തിയ സ്ഥാപനത്തിന്റെ നിരക്ക് ആവ്ലോൺ സിസ്റ്റംസ് |
|---|---|---|---|
| 1 | പ്രോജക്ടർ | 30400 | 23860 |
| 2 | ലാപ്ടോപ് | 35400 | 30500 |
| 3 | വാൾ മൗണ്ടിംഗ് | 6370 | 4900 |
| 4 | ബോർഡ് | 7500 | 7400 |
| 5 | സ്ക്രീൻ | 2200 | 2200 |
| 6 | സ്പീക്കർ | 770 | 770 |
| 7 | ആംപ്ലിഫയർ | 6500 | 7000 |
| 8 | നെറ്റ് വർക്കിംഗ് | 2000 | 5000 |
| 9 | കാബിനറ്റ് | 5600 | 8000 |
| 10 | യു പി എസ് | 6200 | 8000 |
| | **ആകെ** | **102940** | **97630** |

നിയമാനുസൃതം കരാർ ലഭിക്കേണ്ടിയിരുന്നത് കുറവ് രേഖപ്പെടുത്തിയ ആവ്ലോൺ സിസ്റ്റംസ് എന്ന സ്ഥാപനത്തിനായിരുന്നു. എന്നാൽ മുൻവർഷം വാങ്ങിയ പ്രോജക്ടർ റിപ്പയർ ചെയ്യുന്നതിന് താമസിച്ചു എന്നും പകരം താല്കാലികമായി പ്രോജക്ടർ നല്കിയില്ല എന്നും ആയതിനാൽ സ്ഥാപനത്തെ ഒഴിവാക്കുന്നു എന്നും പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചതായി കാണുന്നു. വില കൂടിയ ഇലക്ട്രോണിക് ഉപകരണങ്ങളുടെ ആദ്യവർഷ വാറന്റി നല്കുന്നത് കമ്പനിയാണ് (OEM)

ഡിസ്ട്രിബ്യൂട്ടറല്ല എന്നതിനാലും, റിപ്പയറിംഗിന് നല്കുമ്പോൾ പകരം സാധനം നല്കണമെന്ന് കരാർ വ്യവസ്ഥ ഇല്ലാത്തതിനാലും കുറവു തുക രേഖപ്പെടുത്തിയ സ്ഥാപനത്തെ ഒഴിവാക്കിയതിന് രേഖപ്പെടുത്തിയതിനുള്ള കാരണം നിയമാനുസൃതമല്ല. മാത്രമല്ല ഈ സ്ഥാപനത്തിന് തുടർന്നും പഞ്ചായത്തിൽ നിന്നും കരാർ നല്കിയിട്ടുണ്ട്. ഈ വിഷയങ്ങൾ പരിഗണിക്കേണ്ട പ്രോക്യൂർമെന്റ് കമ്മറ്റി വിഷയം പരിശോധിച്ചതായും കാണുന്നില്ല. അപാകതയിൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ 9/12.11.2019 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനമുണ്ടായിരുന്നു എന്നുള്ള മറുപടിയാണ് നല്കിയത്. എന്നാൽ കരിമ്പട്ടികയിൽ ഉൾപ്പെടുത്തി ടെണ്ടർ നടപടികളിൽ നിന്നും തടഞ്ഞിട്ടുള്ള സ്ഥാപനമല്ലാത്തതിനാൽ പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനം നിയമാനുസൃതമായിരുന്നില്ല. കൂടിയ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിന് കരാർ നല്കിയതിലൂടെ പഞ്ചായത്തിന് 15930/- രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്((102940-97630)=5310x3=15930). കൂടിയ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിന് കരാർ നല്കുന്നതിന് തീരുമാനമെടുത്ത കമ്മറ്റി അംഗങ്ങൾ, നിയമസാധുത കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്താതിരുന്ന നിർവ്വഹണ ഉദ്യോഗസ്ഥ എന്നിവരിൽ നിന്നും നഷ്ടം വന്ന തുക തുല്യമായി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## I-33 യുക്തിസഹമല്ലാത്തതും കൂടിയതുമായ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിന് കരാർ നല്കി

വിവിധ സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ എന്ന 45/2018 നമ്പർ പ്രോജക്ട് പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥയായ ഹെഡ്മിസ്ട്രസ് മെയിന്റനൻസ് ഗ്രാന്റ് റോഡിതരത്തിൽ നിന്നും 351800/- രൂപ ചെലവഴിച്ചിട്ടുണ്ട്. കുറവ് തുക രേഖപ്പെടുത്തിയ ജോജി ഇൻഡസ്ട്രീസ് എന്ന

സ്ഥാപനത്തിനാണ് 8-2-19 ലെ 1(6) നമ്പർ കമ്മറ്റി തീരുമാനപ്രകാരം കരാർ നല്കിയിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

- കരാർ ലഭിച്ച ജോജി ഇൻഡസ്ട്രീസ് രേഖപ്പെടുത്തിയിരുന്ന നിരക്ക് യുക്തിഭദ്രവും കുറഞ്ഞതുമായിരുന്നില്ല. ലഭിച്ച നിരക്കുകളുടെ താരതമ്യം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | കരാർ ലഭിച്ച സ്ഥാപനത്തിന്റെ നിരക്ക് | എം.എച്ച് ഏജൻസീസ് | തമ്പുരാൻ കാലായിൽ | ആർട്ടിസാൻസ് കോർപ്പറേഷന് സർക്കാർ അംഗീകരിച്ച് നൽകിയ നിരക്ക് |
|---|---|---|---|---|---|
| 1 | ആഞ്ഞിലിത്തടിയിൽ ഷെൽഫ് 120*88*30 | 19500 | 8900 | 6870 | 7862 |
| 2 | തേക്ക് തടിയിൽ തീർത്ത ഡസ്ക്,180*42.5*75 | 14700 | 6800 | 8290 | 8771 |

- സ്റ്റോർ പർച്ചേസ് മാനുവൽ, സാധനങ്ങൾ വാങ്ങുന്നതിനുള്ള മാർഗ്ഗരേഖ എന്നിവ പ്രകാരം ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ കരാറുകാരനുമായി മാത്രം നെഗോഷ്യേഷൻ നടത്താവുന്നതാണ്. എന്നാൽ കൂടിയ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനവുമായി നെഗോഷ്യേഷൻ നടത്തിയതിന്റെ അടിസ്ഥാനത്തിൽ ക്ര.നം 1 ന് 9500/- രൂപയും ക്ര.നം 2ന് 200/- രൂപയും കുറച്ചു.

- കുറവ് തുക രേഖപ്പെടുത്തിയ ജോജി ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന് കരാറു നല്കാനാണ് കമ്മറ്റി തീരുമാനമെടുത്തത്. എന്നാൽ ജോജി ഇൻഡസ്ട്രീസ് രേഖപ്പെടുത്തിയ നിരക്ക് ഏറ്റവും കുറഞ്ഞതായിരുന്നില്ല.

| | |
|---|---|
| ജോജി ഇൻഡസ്ട്രീസ് | 308000 |
| തമ്പുരാൻ കാലായിൽ | 258372 |
| എം എച്ച് ഇൻഡസ്ട്രീസ് | 336400 |

- പ്രോക്യൂർമെന്റ് കമ്മറ്റി വാങ്ങലിൽ കൃത്യമായ ഇടപെടൽ നടത്തിയിട്ടുള്ളതായി കാണുന്നില്ല.
- യുക്തിഭദ്രമല്ലാത്ത നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിന് കരാർ നല്കിയതിലൂടെ പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ട്.

അപാകതകളിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 8/12.11.2019) ഗുണനിലവാരം ഉറപ്പുവരുത്തി പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് വാങ്ങൽ നടത്തിയതെന്ന് മറുപടി നല്കി. പരിശോധനയിൽ മറ്റ് സ്ഥാപനങ്ങളുടെത് ഗുണനിലവാരം കുറഞ്ഞ സാധനങ്ങളാണ് എന്ന് കണ്ടെത്തിയെങ്കിലും യുക്തിഭദ്രമല്ലാത്ത (reasonable) നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തെ ഒഴിവാക്കി പുനർ ദർഘാസ് ക്ഷണിക്കുകയായിരുന്നു ചെയ്യേണ്ടിയിരുന്നത്. തെറ്റായ നടപടികളിലൂടെ വാങ്ങൽ നടത്തിയതിലൂടെ പഞ്ചായത്തിന് ധനനഷ്ടം ഉണ്ടായിട്ടുണ്ടോ എന്ന് ഭരണസമിതി പരിശോധിക്കേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## I-34 ഫുട്ബോൾ കോച്ചിംഗ് -അപാകതകൾ

2018-19 വർഷം ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി ഗ്രാമപഞ്ചായത്ത് സ്കൂൾതലത്തിൽ തിരഞ്ഞെടുത്ത കുട്ടികൾക്ക് ഫുട്ബോൾ പരിശീലനത്തിന് ക്ലാസൊന്നിന് 750/-രൂപ നിരക്കിൽ 50000/-രൂപ പരിശീലകനായ അച്ചുശങ്കർ എന്നയാൾക്ക് നല്കിയിട്ടുണ്ട്. സ ഉ (കൈ) നം. 22/2018 തസ്വഭവ 7.6.12 പ്രകാരം ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ നിർവ്വഹണം നടത്തേണ്ടതും ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും മാത്രം ഏറ്റെടുക്കാവുന്നതുമാണ് ഈ പ്രോജക്ട്. അത്‌ലറ്റിക് പരിശീലനങ്ങൾക്കും പരിശീലന ക്യാമ്പുകൾക്കും ചെലവഴിക്കാവുന്ന പരമാവധി തുക 30,000/-രൂപയാണ്. പരിശീലകന്റെ കൈപ്പറ്റ് ഒഴികെ പരിശീലനക്യാമ്പുകൾ നടത്തിയതിന്റെ വിവരം, പരിശീലന ക്യാമ്പുകളിൽ പങ്കെടുത്തവരുടെ ഹാജർ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകതകളിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (20/15.11.2019) പഞ്ചായത്ത് കമ്മറ്റിയും, ഡി.പി.സിയും അംഗീകരിച്ച പ്രോജക്ടായതിനാലാണ് നടപ്പാക്കിയതെന്നും മറ്റ് രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെന്നും മറുപടി നല്കി. എന്നാൽ ക്യാമ്പുകൾ നടത്തിയതിന്റെ വിവരം, ഹാജർ എന്നിവ ഹാജരാക്കിയിട്ടില്ല. കൂടാതെ മാർഗ്ഗരേഖയിൽ നിന്നും വ്യത്യസ്തമായി ചെയ്ത പ്രോജക്ടായതിനാൽ സർക്കാർ അനുമതിയും ആവശ്യമാണ്. ആയവ ലഭ്യമാക്കുന്നതു വരെ ഈ ഇനത്തിൽ നടത്തിയ 50000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## I-35 പോസ്റ്റ് ഷിഫ്റ്റിംഗിനായി കെ.എസ്.ഇ.ബിയിൽ നിക്ഷേപിച്ച തുകയുടെ വിനിയോഗവിവരമില്ല

വിവിധ സ്ഥലങ്ങളിൽ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റിയിടുന്നതിനായി കെ.എസ്.ഇ.ബിയിൽ നിന്നും ലഭിച്ച എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിലും, പോസ്റ്റ് ഷിഫ്റ്റ്

ചെയ്തതിന്റെ വിവരമില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിക്ഷേപിച്ച തുക | വൗച്ചർ നം./തീയതി | ചെക്ക് നം./തീയതി |
|---|---|---|
| 14157 | 21800814/5.12.18 | 358907/5.12.18 |
| 6627 | " | " |
| 16268 | 21800961/18.1.19 | 00252/17.1.19 |
| 8102 | 21800962/18.1.19 | 00253/17.1.19 |
| 45154 | | |

പോസ്റ്റ് ഷിഫ്റ്റിംഗ് പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 45154/രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## I-36 വിവിധ സ്ഥലങ്ങളിൽ കുഴൽകിണർ നിർമ്മാണം-വിനിയോഗവിവരം ലഭിച്ചിട്ടില്ല

വിവിധ സ്ഥലങ്ങളിൽ കുഴൽകിണർ നിർമ്മാണത്തിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഭൂജലവകുപ്പിൽ 322490/-രൂപ നിക്ഷേപിച്ചിട്ടുണ്ട്. നിക്ഷേപിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ബിൽ നം./തീയതി |
|---|---|---|---|
| പി.എച്ച്.സിയ്ക്ക് കുഴൽകിണർ | ധനകാര്യകമ്മീഷൻ | 135000 | 7/18-19 തീ10.7.18 |

| | | | |
|---|---|---|---|
| SO168/19 | ഗ്രാന്റ് -135000 | | |
| ഹോമിയോ ആശുപത്രിയ്ക്ക് തുറന്ന കുഴൽകിണർ SO169/19 | ധനകാര്യകമ്മീഷൻ ഗ്രാന്റ് -135000 | 135000 | 13/18-19 തീ18.7.18 |
| മിനിസിവിൽ സ്റ്റേഷനിൽ കുഴൽകിണർ നിർമ്മാണം SO241/19 | തനത് ഫണ്ട് -140,000 | 52490 | വൗച്ചർ നം.21800259/20.6.18 ചെക്ക് നം.816260/20.6.18 |
| | **ആകെ** | **322490** | |

മേൽ പരാമർശിച്ച പ്രോജക്ടുകളിൽ പി.എച്ച്.സിയ്ക്ക് കുഴൽകിണർ നിർമ്മാണം എന്ന പ്രവൃത്തി പൂർത്തീകരിച്ച് ജല ലഭ്യത ഉറപ്പ് വരുത്തിയിട്ടുണ്ട്. ഹോമിയോ ആശുപത്രി കുഴൽകിണർ നിർമ്മാണം, മിനിസിവിൽ സ്റ്റേഷൻ കുഴൽകിണർ നിർമ്മാണം എന്നിവയ്ക്ക് സർവേ നടത്തിയതിന്റെ അടിസ്ഥാനത്തിൽ ജലലഭ്യത ഇല്ലായെന്ന് ഭൂജലവകുപ്പ് അറിയിച്ചതായി സെക്ഷൻ ക്ലർക്ക് അറിയിച്ചിരുന്നു. എന്നാൽ ഫയലിൽ ഇതു സംബന്ധിച്ചുള്ള രേഖപ്പെടുത്തലുകളില്ല. ജലം ലഭിക്കാൻ സാധ്യതയില്ലെങ്കിൽ ഡിപ്പോസിറ്റ് ചെയ്ത തുക തിരികെ ഈടാക്കേണ്ടതാണ്. തുക തിരികെ ഈടാക്കുന്നതുവരെ ചെലവഴിച്ച 187490/-രൂപ തടസ്സപ്പെടുത്തുന്നു.

## I-37 പിഎച്ച് സിയിലേക്ക് മരുന്നുവാങ്ങൽ -മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

പിഎച്ച്സി യിലേക്ക് മരുന്നുവാങ്ങൽ, പാലിയേറ്റീവ് കെയർ പ്രോജക്റ്റുകളിൽപ്പെടുത്തി മരുന്നുവാങ്ങുന്നതിനായി താഴെപ്പറയുന്ന പ്രൊഫോർമ ഇൻവോയിസ് പ്രകാരം കേരള മെഡിക്കൽ

സർവ്വീസ് കോർപ്പറേഷന് 1,50,000/- തുക (ബിൽനം 4/28-7-18) നൽകിയതിൽ മുഴവൻ മരുന്നുകളും ലഭ്യമായില്ല.

| പ്രൊഫോർമ ഇൻവോയിസ് നം | ലഭിക്കാനുള്ള മരുന്നുകളുടെ വില |
|---|---|
| 1071 | 3658 |
| 4908 | 20608 |
| 2372 | 2740 |
| **ആകെ** | **27006** |

ആകെ ലഭിക്കാനുള്ള 27006/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം2/11.11.2019) മരുന്നുകൾ ഉടൻ തന്നെ ലഭ്യമാക്കുമെന്ന് കേരളമെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും അറിയിച്ചതായി മറുപടി നൽകി. മരുന്നുകൾ ലഭ്യമാകാത്തതിനാൽ 27006/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(I) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 വസ്തുനികുതി നിർണ്ണയത്തിൽ കുറവ്

താഴെ കൊടുക്കുന്ന വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ വസ്തുനികുതി ഈടാക്കിയതിൽ കുറവുണ്ടായിട്ടുണ്ട്. വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തെ ഒന്നായി കണക്കാക്കാതെ പല മുറികളായി തിരിച്ച് വസ്തുനികുതി നിർണ്ണയിച്ചതുമൂലം നികുതി ഇനത്തിൽ വലിയ കുറവുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു. ഓരോ കെട്ടിടത്തിനും 100ച.മീ.താഴെയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതിനിരക്കായ 50/-രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരുന്നത്.

| കെട്ടിടത്തിന്റെ വിവരം | വിസ്തീർണ്ണം | ഈടാക്കിയ നികുതി | ഇളവ്/വർദ്ധനവ് | ഈടാക്കിയ നികുതി |
|---|---|---|---|---|
| 143 A ജേക്കബ് ഫിലിപ്പ്, ആക്കാംകുന്നേൽ | 19.49 | @50/-=975 | ഇളവ് 10%=(-)97.5 വർദ്ധനവ് 20% = (+) 195 | 1073 |
| 143B | 19.49 | @50/-=975 | ഇളവ് 10%=(-)97.5 വർദ്ധനവ് 20% =(+) 195 | 1073 |
| | | | | |

| | | | | |
|---|---|---|---|---|
| 143C | 19.49 | @50/-=975 | ഇളവ് 10%= (-)97.5 വർദ്ധനവ് 20% =(+) 195 | 1073 |
| 143D | 19.49 | @50/-=975 | ഇളവ് 10%= (-)97.5 വർദ്ധനവ് 20% =(+) 195 | 1073 |
| 143E | 19.49 | @50/-=975 | ഇളവ് 10%= (-)97.5 വർദ്ധനവ് 20% =(+) 195 | 1073 |
| 143F | 19.49 | @50/-=975 | ഇളവ് 10%= (-)97.5 വർദ്ധനവ് 20% =(+) 195 | 1073 |
| ആകെ നികുതി | | | | **6438** |

എന്നാൽ ടി കെട്ടിടത്തെ ഒന്നായി കണക്കാക്കി വസ്തുനികുതി നിശ്ചയിക്കുമ്പോൾ ആകെ 116.94 ച.മീ ഉണ്ടായിരുന്ന കെട്ടിടത്തിന് 100 ച.മീ മുകളിലുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന നികുതിയായി

60 രൂപ നിരക്കിൽ നിശ്ചയിച്ച് താഴെപ്പറയും പ്രകാരം നികുതി ഈടാക്കേണ്ടിയിരുന്നു

| കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം | കണക്കാക്കേണ്ടിയിരുന്ന നികുതി @60/m | ഇളവ് 10% | വർദ്ധനവ് 20% | ആകെ |
|---|---|---|---|---|
| 116.94 | 7016 | 701.6 | 1403.28 | 7718 |

വസ്തുനികുതി നിർണ്ണയത്തിൽ ആകെ 1280/-രൂപയുടെ കുറവുണ്ടായിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 28) മറുപടിയായി നികുതി പുനർനിർണ്ണയിക്കുന്നതിന് സഞ്ചയസോഫ്റ്റ്‌വെയർ തുറന്ന് ലഭിക്കുമ്പോൾ തന്നെ ഡാറ്റാപ്യൂരിഫിക്കേഷൻ നടത്തി നികുതി പുനർ നിർണ്ണയിക്കുന്നതാണ് എന്ന് അറിയിച്ചിരുന്നു. ടി കെട്ടിടത്തിന്റെ വസ്തുനികുതി കണക്കാക്കിയതിൽ കുറവ് വന്നത് മൂലമുള്ള ആവർത്തന നഷ്ടത്തിന് സെക്രട്ടറിയും പരിശോധന നടത്തി വസ്തുനികുതി നിർണ്ണയം നടത്തിയ ഉദ്യോഗസ്ഥനും ബാദ്ധ്യതപ്പെട്ടിരിക്കുന്നു.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വാട്ടർടാങ്ക് നൽകൽ -അധികം തുക ചെലവഴിച്ചു

(എ)

| | |
|---|---|
| പ്രോജക്റ്റ് നം | 20/19 പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പിവിസി വാട്ടർ ടാങ്ക് |
| അടങ്കൽ | 1,00,000/-(SCP)+ 2375(തനത് ഫണ്ട്)+34125 (ഗുണഭോക്തൃവിഹിതം) |
| ചെലവ് | 1,00,000/-(SCP) |
| ബിൽ നം | 21/18-19 തീയതി 28-02-19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പിവിസി വാട്ടർടാങ്ക് നൽകലിനായി തയ്യാറാക്കിയ പ്രോജക്റ്റപ്രകാരം 1,36,500/- രൂപ അടങ്കലായി തയ്യാറാക്കിയ പ്രസ്തുത പ്രോജക്റ്റിന് 25% തുകയായ 34125/- രൂപ ഗുണഭോക്തൃവിഹിതം വകയിരുത്തിയിരുന്നു. 2018-19 വർഷത്തെ സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഒരു വാട്ടർ ടാങ്കിന് പരമാവധി 3000/- രൂപ മാത്രമേ സബ്സിഡിയായി അനുവദിക്കാൻ സാധിക്കുകയുള്ളൂവെന്നും ഗുണഭോക്തൃവിഹിതം ഗ്രാമപഞ്ചായത്തിൽ അടയ്ക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ നിർവ്വഹണഉദ്യോഗസ്ഥൻ ഗുണഭോക്തൃവിഹിതം പിരിച്ചെടുത്ത് ഗ്രാമപഞ്ചായത്തിൽ അടയ്ക്കാതെ തന്നെ ടെൻഡർ നടപടിക്രമങ്ങളിൽ കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത ട്യൂബ് അസോസിയേറ്റ്സിൽ നിന്നും 39 വാട്ടർ

ടാങ്കുകൾക്കായി സപ്ലൈ ഓർഡർ നൽകുകയുണ്ടായി. 3300/- രൂപ നിരക്കിലുള്ള വാട്ടർ ടാങ്കിന് സബ്സിഡിയായി 2475/- രൂപ മാത്രമേ അർഹതയുള്ളൂ. 2475/- രൂപ നിരക്കിൽ 39 വാട്ടർടാങ്കുകൾക്ക് 96525/- രൂപ നൽകേണ്ടതിന് പകരം 1,00,000/- രൂപ നൽകുകവഴി 3475/- രൂപ അധികമായി എസ് സി പി ഫണ്ടിൽ നിന്നും ചെലവഴിച്ചതായി കാണുന്നു. പ്രസ്തുത വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം25) മറുപടി ലഭ്യമായില്ല. അധികതുക ചെലവഴിച്ചതിന് നിർവഹണ ഉദ്യോഗസ്ഥൻ ബാദ്ധ്യസ്ഥനായിരിക്കുന്നു.

**(ബി) ഗുണഭോക്തൃവിഹിതം ഈടാക്കാതെ വാട്ടർ ടാങ്ക് വിതരണം**

വാട്ടർടാങ്ക് വിതരണം ചെയ്ത ശ്രീ.കെ. റ്റി. രാജു, ശ്രീ.റ്റി.സി മാണി എന്നിവർ ഗുണഭോക്തൃവിഹിതമായി 875/-രൂപ വീതം ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിരുന്നില്ല. കൂടാതെ സണ്ണി കുട്ടപ്പൻ എന്നയാൾ 875/-രൂപ ഒടുക്കുന്നതിന് പകരം 500/- രൂപ മാത്രമാണ് ഒടുക്കിയത്. ഗുണഭോക്തൃവിഹിതമിനത്തിൽ 875x2+375=2125/- രൂപ തുക ഈടാക്കാതെ ടാങ്ക് വിതരണം നടത്തിയ നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ ബാദ്ധ്യസ്ഥനായിരിക്കുന്നു.

## 3-2 പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങൽ-ടെൻഡർ നടപടിക്രമങ്ങളിലെ അപാകതമൂലം അധികം തുക ചെലവഴിച്ചു

| | | |
|---|---|---|
| | 19/19പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ | 109/19 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് |

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി | |
| അടങ്കൽ | 2,50,000/(SCPfund) +20000(ownfund) | 90,000(TSP) |
| ചെലവ് | 2,50,000/(SCPfund) +17660(ownfund) Bill no 15/19-1-19 | 89220(TSP) |
| ലാപ് ടോപ്പിന്റെ എണ്ണം | 9 | 3 |
| വിതരണം ചെയ്തവ | 7 | 3 |
| ബാക്കിയുള്ളവയുടെ എണ്ണം | 2 | 0 |

ലാപ് ടോപ്പ് വാങ്ങലിനായി ടെൻഡർ ക്ഷണിച്ചതിൽ താഴെപ്പറയുന്ന രീതിയിൽ വിവിധ സ്ഥാപനങ്ങൾ നിരക്കുകൾ ക്വാട്ട് ചെയ്തിരുന്നു

| | |
|---|---|
| ആവ്ലോൺ സിസ്റ്റംസ് | 28160/- ( with 5yr OEM warranty) |
| കടവിൽ ഇൻഫോടെക് | 25500/-(with 3yr OEM warranty+2yr Service warranty) |
| സൺ ഇൻഫോസിസ്റ്റംസ് | 29740/- ( with 5yr OEM warranty) |

ഇതിൽ കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത 2സ്ഥാപനങ്ങളെയും പിന്തള്ളി ഏറ്റവും കൂടിയ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനമായ സൺ ഇൻഫോസിസ്റ്റംസിനെയാണ് തിരഞ്ഞെടുത്തത്. പുതുപ്പള്ളി ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 31-10-18ലെ 1(5) നം തീരുമാനപ്രകാരം ഏറ്റവും കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനം സൺ ഇൻഫോസിസ്റ്റംസാണെന്നും ആയതിനാൽ ടി സ്ഥാപനത്തെ തിരഞ്ഞെടുക്കുന്നതായും രേഖപ്പെടുത്തിയിരുന്നു. ഇത് വസ്തുതാവിരുദ്ധമാണ്. കൂടിയ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തെ തെരഞ്ഞടുക്കുക വഴി സർക്കാർ ഫണ്ടിന് ലാപ് ടോപ്പ് ഒന്നിന് 4240/- രൂപ നിരക്കിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം23)മറുപടി ലഭ്യമാക്കിയില്ല. ഇപ്രകാരം കൂടിയ ടെൻഡർ അംഗീകരിക്കുക വഴി സർക്കാർ ഫണ്ടിന് നഷ്ടമായ 12 x4240= 50880/- രൂപ ഉത്തരവാദിയായ നിർവ്വഹണഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 അക്ഷയോർജ്ജ ഉപകരണങ്ങളുടെ വിതരണം-സൗരറാന്തൽ -സബ്സിഡിയിലധികരിച്ച് നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്റ്റ് നം | 153/19പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് അക്ഷയോർജ്ജ ഉപകരണങ്ങളുടെ വിതരണം |
| അടങ്കൽ | 1,02,000/-(SCP)+1,02,000(ഗുണ.വിഹിതം) |
| ചെലവ് | 1,02,000/-(SCP) (Bill No 20/18-3-19) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

പ്രോജക്ട് നം. 153/19 പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് അക്ഷയോർജ്ജ ഉപകരണങ്ങളുടെ വിതരണത്തിന് വികസനഫണ്ട് വിഹിതം 1,02,000/- രൂപയും ഗുണഭോക്തൃവിഹിതം 1,02,000/- രൂപയും(50%) അടങ്കലായി തയ്യാറാക്കിയ പ്രോജക്റ്റിന് ഡിപിസി അംഗീകാരം ലഭിച്ചിരുന്നു. ടെൻഡർ ക്ഷണിക്കുകയും അമ്മിണി സിസ്റ്റംസ് എന്ന സ്ഥാപനത്തിൽ നിന്നും 3500/- രൂപ നിരക്കിൽ 32 സൗരറാന്തലുകൾ വാങ്ങുന്നതിനായി 1,02,000/- രൂപ (SCPഫണ്ട്) ചെലവഴിക്കുകയും ചെയ്തു. (ബാക്കി നൽകാനുള്ള തുക10,000/-). എന്നാൽ നിർവ്വഹണത്തിന്റെ ഭാഗമായി ഗുണഭോക്തൃവിഹിതം ഈടാക്കി ഗ്രാമപഞ്ചായത്തിൽ അടച്ചിരുന്നില്ല. അംഗീകാരം ലഭിച്ച പ്രോജക്റ്റ് പ്രകാരം 50% ഗുണഭോക്തൃവിഹിതമായി ഗ്രാമപഞ്ചായത്തിൽ അടയ്ക്കേണ്ടിയിരുന്നു. അതായത് 1750/- രൂപ വീതം അടയ്ക്കേണ്ടിയിരുന്നു. എന്നാൽ നിർവ്വഹണോദ്യോഗസ്ഥൻ സൗരറാന്തലുകൾ വിതരണം ചെയ്തതിനൊപ്പം വാങ്ങിയത് 350/- (10%)രൂപ മാത്രമാണ്. പദ്ധതി മാർഗ്ഗരേഖ പ്രകാരം 90% സബ്സിഡി നൽകാമെന്നിരിക്കിലും പദ്ധതിക്ക് ഡിപിസി അംഗീകാരം ലഭിച്ചത് 50% സബ്സിഡി നൽകുന്നതിനാണ്. ഡിപിസി അംഗീകാരത്തിന് വിരുദ്ധമായി പ്രോജക്റ്റ് നിർവ്വഹണം നടത്തിയ നടപടി വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം27/16.11.2019)മറുപടി ലഭ്യമായിരുന്നില്ല. പ്രോജക്റ്റ് ഡാറ്റാ എൻട്രി നടത്തിയതിൽ വന്ന പിശകാണ് എന്ന് നിർവ്വഹണോദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. ടി വിഷയത്തിൽ സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാകാത്ത പക്ഷം 50% ലധികം നൽകിയ സബ്സിഡി തുക നിർവ്വഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയായി മാറുന്നതാണ്. 32 സൗരറാന്തലുകൾക്ക് 3500/- രൂപ നിരക്കിൽ ആകെ വിലയായ 1,12,000/- രൂപയിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള 90% സബ്സിഡി അനുവദിച്ചാലും 1,00,800/- രൂപ മാത്രമേ വികസനഫണ്ടിൽ നിന്നും ചെലവഴിക്കാൻ

സാധിച്ചു എന്നിരിക്കെ 1,02,000/- രൂപ ചെലവഴിച്ചിരുന്നു. അധികമായി ചെലവഴിച്ച 1200/- രൂപയ്ക്ക് നിർവഹണ ഉദ്യോഗസ്ഥൻ ബാദ്ധ്യസ്ഥനായിരിക്കുന്നു.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 14-06-2019 മുതൽ 15-06-2019 വരെ | കെ.എസ്.എ കെ.റ്റി.എം പി12-881/2019 തീ 22-06-2019 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് വിഹിതം | 2018-19 | 1300000 | കുടിവെള്ള | | 1300000 |

| | | | | | |
|---|---|---|---|---|---|
| | | | പദ്ധതി | | |
| | 2018-19 | 469016 | ലൈഫ് | 469016 | - |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2018-19 | 800000 | ലൈഫ് | - | 800000 |
| | | 874176 | ലൈഫ് | 874176 | - |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കൽ ലൈൻ വലിക്കൽ | 598865/5-2-19 എസ്.ബി.ഐ 598867/8-2-19 എസ്.ബി.ഐ | 7851227 101 | - | 7851227 101 |
| കേരള വാട്ടർ | പൈപ്പ് ലൈൻ | 21425/09-10- | 2115000 | - | 2115000 |

| | | | | | |
|---|---|---|---|---|---|
| അതോറിറ്റി | നീട്ടൽ കങ്ങഴക്കുന്ന് ജലസംഭരണി മെയിന്റനൻസ് | 2018 എസ്.ബി.ഐ | | | |
| മൈനർ ഇറിഗേഷൻ | കൊട്ടാരത്തിൽ കടവ്<br>വലിയ തോടിന് കുറുകെ ചെക്ക് ഡാം | സൗത്ത് ഇൻഡ്യൻ ബാങ്ക് 598864/20-12-2018<br>സൗത്ത് ഇൻഡ്യൻ ബാങ്ക് 598864/20-12-2018 | 7034920<br>4500000 | -<br>- | 7034920<br>4500000 |
| ഭൂജലവകുപ്പ് | പി.എച്ച്.സിക്ക് കുഴൽ കിണർ | ബിൽ നം 7/18-19 തീ 10-07-2018 | 135000 | 135000 | |
| ഭൂജലവകുപ്പ് | ഹോമിയോ ആശുപത്രിക്ക് കുഴൽകിണർ | ബിൽ നം13 /18-19 തീ 18-07-2018 | 135000 | 135000 | |

| | | | | | |
|---|---|---|---|---|---|
| ഭൂജലവകുപ്പ് | മിനി സിവിൽ | വൗച്ചർ നം 21800259/20-6-08 | 52490 | 52400 | |
| | | | 21823738 | 322400 | 21501248 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് ഉദ്ദേശ്യം | ഉത്തരവ് നം. തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം എടുത്ത വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഭവന നിർമ്മാണം (ജനറൽ) | സ ഉ (സാധാ) 359/17/ | 70,56,808 | 0 | 26,80,000 | 00 | 26,80,000/- |

| | | | | | | |
|---|---|---|---|---|---|---|
| | തസ്വഭവ<br>തീയതി<br>08.02.17 | | | | | |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 9000000/- |
| തൻവർഷം നിക്ഷേപിച്ച തുക | 623051/- |
| ആകെ | 9623051/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 9623051/- |

<u>**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .**</u>

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | സൗത്ത് ഇൻഡ്യൻ ബാങ്ക് | 28-09-2017 | 1 വർഷം | 2138456 | 28/9/19,25/8/19 തീയതികളിൽ പലിശ പുതുക്കിയിട്ടുണ്ട് |
| 2 | സൗത്ത് ഇൻഡ്യൻ ബാങ്ക് | 28-09-2017 | 1 വർഷം | 2138456 | |
| 3 | സൗത്ത് ഇൻഡ്യൻ ബാങ്ക് | 25-08- | 1 വർഷം | 5346139 | |

| | | | | | |
|---|---|---|---|---|---|
| | | 2017 | | | |
| ആകെ | | | | 9623051 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 500രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 2-1 | 500 | വെറ്റിനറി സർജൻ | 11802010824/2-3-2019 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-9 ചാർജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെവരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 12,04,21,336 |
| | | |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 10,74,09,612 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1,280 (ആവർത്തന നഷ്ടം) |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 57,680 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2,29,13,891 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

**(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 3475<br>2125 | ശ്രീ. വിനു മാത്യൂസ്, അസി. സെക്രട്ടറി |
| 3-2 | | 50880 | ശ്രീ. വിനു മാത്യൂസ്, അസി. സെക്രട്ടറി |
| 3-3 | | 1200 | ശ്രീ. വിനു മാത്യൂസ്, അസി. സെക്രട്ടറി |
| **ആകെ** | | **57680** | |

**കുറിപ്പ്:-** ഖണ്ഡിക 2-1 പ്രകാരമുള്ള ന്യൂനത പരിഹരിക്കാത്ത പക്ഷം ചാർജ് നടപടികൾക്ക് വിധേയമാവുന്നതാണ്.

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20(3) | 21501248 | ശ്രീ. എൻ പി ജയചന്ദ്രൻ, സെക്രട്ടറി |
| 1-23 | 499813 | ശ്രീ. നടരാജസുന്ദരം, അസി. എഞ്ചിനീയർ |
| 1-27(2) | 42900 | ശ്രീ. വിനു മാത്യൂസ്, അസി. സെക്രട്ടറി |
| 1-28 | 400000 | ശ്രീ. വിനു മാത്യൂസ്, അസി. സെക്രട്ടറി |
| 1-29 | 59480 | ശ്രീ. വിനു മാത്യൂസ്, അസി. സെക്രട്ടറി |
| 1-31(4) | 100800 | ശ്രീ. വിനു മാത്യൂസ്, അസി. സെക്രട്ടറി |
| 1-34 | 50000 | ശ്രീമതി. ആൻസി തോമസ് ഹെഡ്മിസ്ട്രസ് |
| 1-35 | 45154 | ശ്രീ. എൻ പി ജയചന്ദ്രൻ, സെക്രട്ടറി |
| 1-36 | 187490 | ശ്രീ. ജോസ്കുഞ്ഞ് പി ജെ, സെക്രട്ടറി |
| 1-37 | 27006 | ഡോ. ആതിര കെ നായർ, മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| | 22913891 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വിനു മാത്യൂസ്, അസി. സെക്രട്ടറി | അസി. സെക്രട്ടറി, പുതുപ്പള്ളി ഗ്രാമപഞ്ചായത്ത് | കുത്തിയതോട്ടിൽ, കൊങ്ങാണ്ടൂർ പി.ഒ. അയർക്കുന്നം |

(ജനപ്രതിനിധികൾക്ക് ബാധ്യതയുണ്ടെങ്കിൽ മേൽവിലാസം നിർബന്ധമായും ഉൾപ്പെടുത്തണം)

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1993-94 | എൽ.എഫ്.കെ.പി11/697/ 14(അദാ)/13.12.14 | 1 |
| 1994-95 | എൽ.എഫ്.കെ.പി11/524/ 14(അദാ)/07.1.15 | 1 |
| 1999-00(ചെലവ്) | എൽ.എഫ്.കെ.പി11/699/ 14(അദാ)/07.01.15 | 6 |
| 2000-01 | എൽ.എഫ്.കെ.പി6/749/ 07/14.8.09 | - |
| 2001- | എൽ.എഫ്.കെ.പി11/700/14(അദാ)/23.12.14 | 1 |

| | | |
|---|---|---|
| 02(പ്ലാൻ) | | |
| 2003-04 (ചെലവ്) | കെ.എസ്.എ-കെ.ടി.എം.പി11/1224/15/ 23.11.15 | 2 |
| 2004-05 | എൽ.എഫ്.കെ.പി6/95/ 08/11.4.09/9.9.09 | - |
| 2005-06 | എൽ.എഫ്.കെ.പി11/633/11/13.10.11 | - |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി11/1222/15/ 11.11.15 | 18 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി11/1225/15/ 12.11.15 | 6 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി11/1226/15/ 12.11.15 | 4 |
| 2009-10 | എൽ.എഫ്.കെ.പി11/1571/14/9.6.14 | 9 |
| 2010-11 &2011-12 | എൽ.എഫ്.കെ.പി11/487/14/9.6.14 | 19 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി11/1228/15/ 27.10.15 | 7 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി11/154/15/15.3.16 | 14 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി11/57/ 17/05.04.17 | 34 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി.11-1679/16 | 35 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി.12-1340/17/ 13.9.17 | 26 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-I

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-കെ.ടി.എം.പി12-1757/19 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in
തീയതി: 07.03.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ്

സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ **പുതുപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19**വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **പുതുപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ 2018-19ലെ** വാർഷിക ധനകാര്യപത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ,**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**